# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കുന്ദമംഗലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ കാര്യാലയം
# കോഴിക്കോട്-673020


## ഇ-മെയിൽ: dokkd.ksad@kerala.gov.in
## ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.കെ.ഡി / ഡി-3/1719/ 2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 15/10/2025
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡൻ്റ് (സെക്രട്ടറി മുഖേന)
കുന്ദമംഗലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.കെ.ഡി / ഡി-3/1719/ 2025 തീയ്യതി: 15/10/2025

# കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-08-2024 മുതൽ 11-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 28-08-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-08-2025

തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.എസ്.ബിജേഷ് കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2025 | 21-08-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-08-2025 | 21-08-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.വിനോദ്.പി.എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ.ആർ.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ.മുഹമ്മദ് ജയ്സൽ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലിജി പുൽക്കുന്നുമ്മൽ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.ഇന്ദു എ | സെക്രട്ടറി | 01-04-2024 | 24-09-2024 |
| ശ്രീ.സുഭാഷ്,കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-09-2024 | 16-10-2024 |
| ശ്രീ.നിഷാന്ത് .ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-10-2024 | 27-11-2024 |
| ശ്രീ.സുഭാഷ്,കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-11-2024 | 26-01-2025 |
| ശ്രീമതി.ഇന്ദു എ | സെക്രട്ടറി | 27-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ കുമാർ എ.എം | അസി.സെക്രട്ടറി | 01-04-2024 | 23-09-2024 |

| | | | |
|---|---|---|---|
| ശ്രീ.സുഭാഷ്,കെ | അസി.സെക്രട്ടറി | 24-09-2024 | 31-03-2025 |
| ശ്രീമതി.ദീപ.ജെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.റൂബി നസീർ | അസി.എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ജിജി ഗോവിന്ദ്.പി | വി.ഇ.ഒ(കുന്ദമംഗലം സർക്കിൾ) | 01-03-2024 | 30-12-2024 |
| ശ്രീ.ആഷിഖ് കോയ തങ്ങൾ | വി.ഇ.ഒ(കുന്ദമംഗലം സർക്കിൾ)-ഇൻചാർജ് | 30-12-2024 | 18-01-2025 |
| ശ്രീമതി.രോഷ്മ സി.പി നായർ | വി.ഇ.ഒ(കുന്ദമംഗലം സർക്കിൾ) | 18-01-2025 | 31-03-2025 |
| ശ്രീമതി.ശ്രീജ ടി.എസ് | വി.ഇ.ഒ(പിലാശ്ശേരി സർക്കിൾ) | 01-04-2024 | 24-10-2024 |
| ശ്രീ.ആഷിഖ് കോയ തങ്ങൾ | വി.ഇ.ഒ(പിലാശ്ശേരി സർക്കിൾ) | 08-10-2024 | 31-03-2025 |
| ഡോ.കെ.അബ്ദുൾ സലാം | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി.ഹരിത.സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ഇന്ദു ഏലിയാസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.സറീന ഒ.യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 12-08-2024 |
| ശ്രീ.വിശാന്ത് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 13-08-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി.മിനി.കെ.ടി | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ഡോ.അർച്ചന | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൌണ്ടിങ്-പൊതു പരാമർശങ്ങൾ | 1-1-1 |
| 3 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ആസ്തി സൃഷ്ടിച്ച ചെലവുകൾ റവന്യൂ ചെലവായി ബുക്ക് ചെയ്യുന്നു | 1-1-4 |
| 6 | ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല | 1-1-5 |
| 7 | പ്രവൃത്തി പൂർത്തീകരിച്ചിട്ടും അഡ്വാൻസ് തുക ക്രമീകരിച്ചില്ല | 1-1-6 |
| 8 | Stale Cheque-ബാധ്യതയിൽ നിന്നും വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-7 |
| 9 | അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ഡിപ്രിസിയേഷൻ തുക ആസ്തിയെ അധികരിക്കുന്നു | 1-1-9 |
| 11 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - നിർവഹിക്കാത്ത ചെലവ് രേഖപ്പെടുത്തി | 1-1-10 |
| 12 | വരവ് ചെലവുകൾ തെറ്റായ ഹെഡ്ഡിൽ ബുക്ക് ചെയ്യുന്നു. | 1-1-11 |
| 13 | Capital Work In Progress ഹെഡ്ഡിൽ തുക ഉൾപ്പെടുത്തിയില്ല | 1-1-12 |
| 14 | മെയിന്റനൻസ് ഗ്രാന്റ്-ചെലവുകൾ പൊരുത്തപ്പെടുന്നില്ല | 1-1-13 |

| | | |
|---|---|---|
| 15 | സ്ഥിരനിക്ഷേപം -അപാകതകൾ | 1-1-14 |
| 16 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകകൾ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. | 1-1-15 |
| 17 | ബാധ്യതാ വരവുകൾ സ്ഥാപനത്തിന്റെ വരവായി ബുക്ക് ചെയ്തു | 1-1-16 |
| 18 | വരുമാനമായി ബുക്ക് ചെയ്ത തുക വരവായി രേഖപ്പെടുത്തിയില്ല | 1-1-17 |
| 19 | ഇംപ്രസ്റ്റ് തുക-ക്രമീകരിച്ചില്ല | 1-1-18 |
| 20 | MNREGS-അഡ്വാൻസ് ഇനത്തിൽ റീക്കൂപ്പ് ചെയ്യാൻ അവശേഷിക്കുന്ന തുക ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-19 |
| 21 | ലൈബ്രറി സെസ് സമയബന്ധിതമായി അടവാക്കുന്നില്ല | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 24 | ഫണ്ട് വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | ക്ഷേമ പദ്ധതികൾ | 1-6 |
| 27 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 28 | വസ്തുനികുതി പരിഷ്ക്കരണം-ഫീൽഡ് തല പരിശോധന പൂർത്തീകരിച്ചിട്ടില്ല | 1-8 |
| 29 | വസ്തു നികുതി-പുതിയ നിരക്കിൽ ഈടാക്കിയില്ല | 1-9 |
| 30 | വിസ്തീർണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കുന്നില്ല | 1-10 |
| 31 | ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി ഈടാക്കുന്നില്ല | 1-11 |

| | | |
|---|---|---|
| 32 | വസ്തു നികുതി ഇളവ് നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-12 |
| 33 | വസ്തു നികുതി വിജ്ഞാപനത്തിലെ നിർദ്ദേശം പാലിക്കാതെ കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചു | 1-13 |
| 34 | അമ്മ്യൂസ്മെന്റ് പാർക്ക്-ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 35 | നിരസിച്ച ക്രമവൽക്കരണ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല | 1-15 |
| 36 | തൊഴിൽനികുതി - അപാകതകൾ | 1-16 |
| 37 | സ്ഥിരനിക്ഷേപം തിരികെ ഈടാക്കൽ-നടപടികൾ കൈകൊള്ളുന്നതിൽ കാലതാമസം | 1-17 |
| 38 | ഫെസ്റ്റിവൽ അഡ്വാൻസ്,ടൂർ അലവൻസ് അഡ്വാൻസ് തുകകൾ ക്രമീകരിച്ചില്ല | 1-18 |
| 39 | സ്ഥിര നിക്ഷേപത്തിൽ നിന്നും ടി ഡി എസ് ഈടാക്കുന്നു | 1-19 |
| 40 | ജില്ലാ പഞ്ചായത്തിന് വിഹിതം നൽകി - പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-20 |
| 41 | അങ്കണവാടി പോഷകാഹാരം - പ്രോജക്ട് നിർവ്വഹണം അപാകതകൾ | 1-21 |
| 42 | കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് - വിനിയോഗ വിവരം ലഭ്യമല്ല. | 1-22 |
| 43 | ഭരണസമിതി യോഗ മിനിട്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല | 1-23 |

| | | |
|---|---|---|
| 44 | ഭവനനിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനും ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-24 |
| 45 | പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ | 1-25 |
| 46 | തനത് ഫണ്ട് ചെലവുകൾ -അപാകതകൾ. | 1-26 |
| 47 | റിജക്റ്റഡ് വേസ്റ്റ് കൈയ്യൊഴിയൽ - മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിക്കുന്നു. | 1-27 |
| 48 | തോടുകളുടെ സംരംക്ഷണ പ്രവൃത്തികൾ . അപാകത സംബന്ധിച്ച് | 1-28 |
| 49 | പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 1-29 |
| 50 | റോഡ് പ്രവൃത്തി പദ്ധതി - നിർവഹണത്തിലെ അപാകതകൾ | 1-30 |
| 51 | മാർഗ്ഗരേഖ ലംഘിച്ച് സ്കോളർഷിപ്പ് നൽകി- 20000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല | 1-31 |
| 52 | BSNL ടെലഫോൺ ചാർജ്- ലേറ്റ് ഫീ അംഗീകരിക്കുന്നില്ല. | 1-32 |
| 53 | മൂടാടി പഞ്ചായത്തിന്റെ വി. ഐ ഇന്റെർനെറ്റ് ബിൽ കുന്ദമംഗലം പഞ്ചായത്ത് തെറ്റായി അടച്ചു | 1-33 |
| 54 | പ്രൊജക്ടുകൾ പ്രകാരം തുക കൈമാറി - കെ.എം.എസ്.സി എല്ലിൽ നിന്നും മരുന്ന് ലഭ്യമായില്ല. | 1-34 |
| 55 | ജലജീവൻ മിഷൻ | 1-35 |
| 56 | ഹെൽത്ത് ഗ്രാന്റ്-അവലോകനം | 1-36 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

| | | |
|---|---|---|
| 1 | മാർഗ്ഗരേഖ ലംഘിച്ച് സ്കോളർഷിപ്പ് നൽകി- 20000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12.06.2025 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി 06.08.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## <u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അക്കൌണ്ടിങ്-പൊതു പരാമർശങ്ങൾ

A) മുഴുവൻ പത്രികകളും സമർപ്പിച്ചില്ല

2011 -ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ വരവ് ചെലവ് ക്രമീകരിച്ചതിന്റെ (പഞ്ചായത്ത് ഫണ്ട്) കണക്ക് ഉൾപ്പെടുത്തിയ B1 ഷെഡ്യൂൾ വാർഷികധനകാര്യ പത്രികയൊടൊപ്പം ലഭ്യമാക്കിയിട്ടില്ല.

B) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ക്യാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (11295358)

പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (27855101) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

C)<u>വരവ് ചെലവ് ഷെഡ്യൂളുകളുടെ ആകെ തുകയിൽ വ്യത്യാസം</u>

എയിംസിൽ അപ്ലോഡ് ചെയ്ത റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ഇൻകം ആന്റ് എക്സ്പെൻറിച്ചർ അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നീ പത്രികകളിലെ അബ്സ്ട്രാക്ടിലെ തുകയും അതാത് അക്കൗണ്ടുകളുടെ ഷെഡ്യൂളിനൊപ്പം ലഭ്യമാക്കിയ അബ്സ്ട്രാക്റ്റിലെ തുകയും വ്യത്യസ്തമാണ്.

## <u>1-1-2 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല</u>

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ പ്രതിമാസം ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential Building | 31.03.2025 |
| 110100102 | Property Tax On Non Residential Building | |
| 110200101 | Profession Tax Institution | |

| | | |
|---|---|---|
| 110200105 | Profession Tax Traders | |

## 1-1-3 വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വിവിധ ചെലവുകൾക്ക് (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധന ചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-4 ആസ്തി സൃഷ്ടിച്ച ചെലവുകൾ റവന്യൂ ചെലവായി ബുക്ക് ചെയ്യുന്നു

വിവിധ ഫണ്ടുകളിൽ നിന്നും (വികസന ഫണ്ട്, സി എഫ് സി ഗ്രാന്റ്, മെയ്ന്റനൻസ് ഗ്രാന്റ്, തനത് ഫണ്ട്) ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിക്കുന്ന തുകകൾ B3 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ B11(E) ഷെഡ്യൂൾ പ്രകാരം ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും തത്തുല്യമായ തുക മൂന്നിൽ തുടങ്ങുന്ന ക്യാപിറ്റൽ കോൺട്രിബ്യൂഷൻ എന്ന റിസർവ് ബാധ്യതാ ശീർഷകത്തിലേക്ക് (B3-Reserve) മാറ്റിയിട്ടില്ല. മുൻ വർഷത്തെ അതേ തുകകൾ തന്നെയാണ് തൻവർഷവും നീക്കിയിരിപ്പായി എടുത്തിട്ടുള്ളത്. ആസ്തി സൃഷ്ട്ടിക്കുന്ന ചെലവുകൾ റവന്യു ചെലവായാണ് വാർഷിക കണക്കിൽ ബുക്ക് ചെയ്യുന്നത്.

ഉദാ. പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ-സെക്രട്ടറി (പ്രൊ.നം.208/25)-Own Fund-99,500/-, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-സെക്രട്ടറി (പ്രൊ.നം211/25)-Own Fund-1,97,894/-, പടനിലം ജി എൽ പി സ്ക്കൂളിലേക്ക് ലാപ്ടോപ്പ് വാങ്ങൽ-ഹെഡ്മാസ്റ്റർ (പ്രൊ.നം 104/25)-Maintenance Grant Non Road-38,500/-)

## 1-1-5 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല

മെയിന്റനൻസ് ഗ്രാൻഡ് റോഡ്, നോൺ റോഡ് ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയ റവന്യൂ പ്രവർത്തനങ്ങൾക്ക് ചെലവായ തുക ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് I-14 (E) ഷെഡ്യൂളിൽ രേഖപ്പെടുത്തുന്നില്ല.

## 1-1-6 പ്രവൃത്തി പൂർത്തീകരിച്ചിട്ടും അഡ്വാൻസ് തുക ക്രമീകരിച്ചില്ല

ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി പഞ്ചായത്ത് വിവിധ ഏജൻസികൾക്ക് തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ മുഴുവൻ പൂർത്തീകരിക്കപ്പെട്ടിട്ടും നാളിതുവരെയും ടി തുകകൾ ക്രമീകരിച്ചിട്ടില്ല. ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് അഡ്വാൻസ് തുകകൾ ക്രമീകരിക്കേണ്ടതായിരുന്നു. എന്നാൽ ചെലവായി മാറിയ തുകകൾ നിലവിലും അഡ്വാൻസ് ഹെഡിൽ ആസ്തിയായി തുടരുന്നു.

## 1-1-7 Stale Cheque-ബാധ്യതയിൽ നിന്നും വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

വാർഷിക കണക്ക് B9 ഷെഡ്യൂൾ പ്രകാരം Liability In Respect Of Stale Cheque ശീർഷകത്തിൽ 15,45,159/-രൂപയുടെ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-1-8 അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിൽ വിവിധ ഗ്രാന്റുകളുടെ/ഫണ്ടുകളുടെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള തുകകൾ അനുബന്ധ ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്/ഫണ്ട് ഇനം | B2, B4 ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്കിലെ നീക്കിയിരിപ്പ് |
|---|---|---|
| ഹെൽത്ത് ഗ്രാന്റ് | 20,73,891 | 9,27,850 |
| ഹെൽത്ത് ഗ്രാന്റ് (സ്കീം 4) | 13,89,605 | 9,97,148 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 12,32,212 | 28,943 |
| ഡിസ്ട്രസ് റിലീഫ് ഫണ്ട് | 8,566 | 8,801 |

## 1-1-9 ഡിപ്രിസിയേഷൻ തുക ആസ്തിയെ അധികരിക്കുന്നു

വാർഷിക കണക്ക് B11 ഷെഡ്യൂൾ പ്രകാരം Other Fixed Assets ഇനത്തിൽ 56,47,418/- രൂപയുടെ ആസ്തി നീക്കിയിരിപ്പാണുള്ളത്. എന്നാൽ പ്രസ്തുത ആസ്തിക്ക് B11(A) ഷെഡ്യൂളിൽ 66,85,474/- രൂപയുടെ തേയ്മാന ചെലവ് കാണിച്ചിരിക്കുന്നു. ആസ്തിയേക്കാൾ കൂടുതൽ തേയ്മാന ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-10 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - നിർവഹിക്കാത്ത ചെലവ് രേഖപ്പെടുത്തി

ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ പദ്ധതി പ്രകാരമുള്ള ചെലവുകൾക്ക് ശേഷം വാർഷിക കണക്ക് B4 ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്ന തുക അനുബന്ധ സി.എഫ്.സി അക്കൌണ്ടിലെ നീക്കിയിരിപ്പുമായി

പൊരുത്തപ്പെടുത്തുന്നതിനായി ഫണ്ടിൽ നിന്നും ഗവൺമെന്റിലേക്കുള്ള തിരിച്ചടവുകളായ ഇൻകംടാക്സ്, ജി.എസ്.ടി, ക്ഷേമനിധി വിഹിതം എന്നിവ തിരിച്ചടക്കാതെ തന്നെ പ്രസ്തുത ചെലവുകൾ വാർഷിക കണക്കിൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.

ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഇനത്തിൽ ഗവൺമെന്റിലേക്കുള്ള തിരിച്ചടവായി അവശേഷിക്കുന്ന 4,06,164/-രൂപ (IT-85,197, GST-1,64,462, KCB-80,998, Fines-9,666, Retension-65,841) തിരിച്ചടക്കാതെ തന്നെ പ്രയർ പിരീഡ് ഇൻകത്തിൽ ചെലവായി/ ഡെബിറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഇനത്തിൽ ഗവൺമെന്റിലേക്കുള്ള തിരിച്ചടവായി അവശേഷിക്കുന്ന 77,068/-രൂപ (IT-43,445, GST-26,618, Welfare-7,005) തിരിച്ചടക്കാതെ തന്നെ പ്രസ്തുത ഹെഡിൽ ചെലവായും പ്രയർ പിരീഡ് ഇൻകത്തിൽ വരവായും രേഖപ്പെടുത്തിയിട്ടുണ്ട്.

## <u>1-1-11 വരവ് ചെലവുകൾ തെറ്റായ ഹെഡ്ഡിൽ ബുക്ക് ചെയ്യുന്നു.</u>

വരവ് ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്യുന്നു. ഉദാ- ചാത്തൻകാവ് സബ്സെന്ററിലെ മരം ലേലം ചെയ്ത വകയിൽ ലഭിച്ച 20,200/- രൂപ AUCTION DEPOSIT എന്ന ശീർഷകത്തിലും പൊതുടാപ്പുകളുടെ വാട്ടർ ചാർജ് Water Charge-Office എന്ന ശീർഷകത്തിലും തെറ്റായി ബുക്ക് ചെയ്തിരിക്കുന്നു.

ഓഡിറ്റ് റിക്കവറി ഇനത്തിൽ 1240307602/13.12.24-ാം നമ്പർ രസീത് പ്രകാരം ലഭിച്ച 3,692/- രൂപ Penalties & Fines-Other Penalties ഹെഡിൽ തെറ്റായി റസീപ്റ്റ് ചെയ്തു.
വിനോദ നികുതി ഇനത്തിൽ 1240000705/31.3.25-ാം നമ്പർ രസീത് പ്രകാരം ലഭിച്ച 1,53,679/-രൂപ Profession Tax-Employees ഹെഡിൽ തെറ്റായി റസീപ്റ്റ് ചെയ്തു.

**1-1-12 Capital Work In Progress ഹെഡ്ഡിൽ തുക ഉൾപ്പെടുത്തിയില്ല**

ആസ്തി സൃഷ്ട്ടിക്കുന്നതുമായി ബന്ധപ്പെട്ട് പാർട്ട് ബിൽ നൽകിയ തുകകൾ ബാലൻസ്ഷീറ്റ് B11 (B) ഷെഡ്യൂളിൽ ബുക്ക് ചെയ്തിട്ടില്ല.

ഉദാ. പിലാശ്ശേരി സബ്സെന്റർ നിർമ്മാണം- പ്രൊ.നം 452/25 (27,49,935/-ഹെൽത്ത് ഗ്രാന്റ്)

**1-1-13 മെയിന്റൻസ് ഗ്രാന്റ്-ചെലവുകൾ പൊരുത്തപ്പെടുന്നില്ല**

മെയിന്റനൻസ് ഗ്രാന്റ് – റോഡ് ഇനത്തിലെ പദ്ധതി പ്രകാരമുള്ള ചെലവ്, വാർഷിക കണക്ക് പ്രകാരം 4,79,28,481/- രൂപയും ചെലവ് പത്രിക പ്രകാരം 4,73,29,538/- രൂപയുമാണ്. 2023-24 സാമ്പത്തിക വർഷത്തിലെ (സ്പിൽ ഓവർ) പ്രൊ.നം.262/24 പ്രകാരം കുറ്റിക്കാട്ടൂർ-കോട്ടാംപറമ്പ് റോഡ് റീടാറിങ് ചെയ്ത ഇനത്തിലെ 5,98,943/- രൂപ ബിൽ നം.151/25.9.24 പ്രകാരം ചെലവായിട്ടുണ്ടെങ്കിലും ആയത് ചെലവ് പത്രികയിൽ പ്രതിഫലിക്കാത്തതാണ് വ്യത്യാസത്തിന് കാരണം.

**1-1-14 സ്ഥിരനിക്ഷേപം -അപാകതകൾ**

കെ.ഡി.സി ബാങ്കിന്റെ കുന്ദമംഗലം ശാഖയിൽ ഗ്രാമപഞ്ചായത്തിനുള്ള സ്ഥിരം നിക്ഷേപം 13.08.2024ന് പുതുക്കിയപ്പോൾ പലിശയടക്കം ലഭിക്കേണ്ടിയിരുന്ന തുക 8,22,932/- രൂപയായിരുന്നു. എന്നാൽ ലഭിച്ചതും പുതുക്കി നിക്ഷേപിച്ചതും 8,17,737/- രൂപ മാത്രമാണ്. ശേഷിക്കുന്ന 5,195/- രൂപ ടി ഡി എസ് ഇനത്തിൽ ഈടാക്കിയിരിക്കുന്നു.

## 1-1-15 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകകൾ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

കയങ്ങോട്ട് ചാലിൽ വലിയ പറമ്പത്ത് ഫുട്പാത്ത് നവീകരണം-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതിക്കായി 47,110/- രൂപ കെ.എസ്.ഇ.ബിയ്ക്ക് ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ടി ചെലവ് അഡ്വാൻസ് ഹെഡ്ഡിൽ രേഖപ്പെടുത്തുകയോ ബാലൻസ്ഷീറ്റിൽ 4 -ൽ തുടങ്ങുന്ന Advance To Implementing Agency എന്ന ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 1-1-16 ബാധ്യതാ വരവുകൾ സ്ഥാപനത്തിന്റെ വരവായി ബുക്ക് ചെയ്തു

ചാത്തൻകാവ് സബ്സെന്ററിലെ മരം ലേലം ചെയ്ത വകയിൽ ലഭിച്ച തുകയിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലേക്ക് തിരിച്ചടവാക്കേണ്ട 1,191/- രൂപ 1 ൽ തുടങ്ങുന്ന Deposit Forfeited-Auction Deposit എന്ന ഹെഡ്ഡിൽ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ തെറ്റായി വരവ് ബുക്ക് ചെയ്തിരിക്കുന്നു. ടി തുക ബാധ്യതയായി ബാലൻസ്ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുമില്ല

## 1-1-17 വരുമാനമായി ബുക്ക് ചെയ്ത തുക വരവായി രേഖപ്പെടുത്തിയില്ല

ലൈസൻസ് ഫീസ് ഇനത്തിൽ തൻവർഷം ലഭ്യമായ 900/-രൂപ 1 ൽ തുടങ്ങുന്ന വരുമാന ഹെഡ്ഡിൽ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. എന്നാൽ അക്രുവൽ അടിസ്ഥാനത്തിലുള്ള വരവുകൾ രേഖപ്പെടുത്തേണ്ട 4 ൽ തുടങ്ങുന്ന ഹെഡിലേക്ക് പ്രസ്തുത തുക ജേണൽ ചെയ്യാത്തതിനാൽ ടി തുക വരവ് ഹെഡ്ഡിൽ പ്രതിഫലിക്കുന്നില്ല.

## 1-1-18 ഇംപ്രസ്റ്റ് തുക-ക്രമീകരിച്ചില്ല

വാർഷിക കണക്കിൽ ഇംപ്രസ്റ്റ് ഇനത്തിൽ 200/- രൂപയുടെ നീക്കിയിരിപ്പുണ്ട്. എന്നാൽ ക്യാഷ് വെരിഫിക്കേഷനിൽ പ്രസ്തുത തുക ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കാത്തതായി കാണുന്നു. നീക്കിയിരിപ്പില്ലാത്ത തുക വാർഷിക കണക്കിൽ നീക്കിയിരിപ്പായി തുടരുന്നു.

## 1-1-19 MNREGS-അഡ്വാൻസ് ഇനത്തിൽ റീക്കൂപ്പ് ചെയ്യാൻ അവശേഷിക്കുന്ന തുക ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരം തൊഴിലുറപ്പ് പദ്ധതിക്കായി പഞ്ചായത്തിൽ നിന്നും അഡ്വാൻസ് നൽകിയ തുകയിൽ റീക്കൂപ്പ് ചെയ്യാൻ അവശേഷിക്കുന്ന തുക 14,60,228/- രൂപയാണ്. എന്നാൽ NREGS -ന്റെ ക്യാഷ്ബുക്ക് പ്രകാരം 15,87,152/- രൂപയാണ് റീക്കൂപ്പ് ചെയ്യാൻ അവശേഷിക്കുന്നത്. ആയത് പൊരുത്തപ്പെടുന്നില്ല.

## 1-1-20 ലൈബ്രറി സെസ് സമയബന്ധിതമായി അടവാക്കുന്നില്ല

സർക്കുലർ നമ്പർ 15477/സി 3/95 തസ്വഭവ തീ. 20.05.1995 വസ്തുനികുതിയുടെ 5% ലൈബ്രറി സെസ് ഈടാക്കേണ്ടതും സർക്കുലർ നമ്പർ 17263/എൽ 3/99 തസ്വഭവ തീ.29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക ലൈബ്രറി കൗൺസിലിന് അടവാക്കേണ്ടതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ ലൈബ്രറി സെസ് ഇനത്തിൽ ഈടാക്കിയ തുക നാളിതുവരെ അടവാക്കിയിട്ടില്ലെന്ന് പ്രസ്തുത ലെഡ്ജറിന്റെ (350300101) പരിശോധനയിൽ നിന്ന് വ്യക്തമായി. ബാലൻസ്ഷീറ്റ് B9 ഷെഡ്യൂൾ പ്രകാരം മുൻ വർഷം പിരിച്ചെടുത്തതിൽ തിരിച്ചടക്കാൻ അവശേഷിക്കുന്നതും തൻവർഷം പിരിച്ചെടുത്തതും ചേർത്ത് ആകെ 10,82,422/- രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നു.

വാർഷിക കണക്കിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.22/21.8.2025) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-2 ബജറ്റ്

കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് 08.02.2024 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 24.03.2025 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത ബജറ്റ് പ്രകാരമുള്ള വരവു-ചെലവു കണക്കുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 12,83,70,418 |
| വരവ് | 43,83,34,793 |
| ആകെ | 56,67,05,211 |
| ചെലവ് | 41,88,89,920 |
| നീക്കിയിരിപ്പ് | 14,78,15,291 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9,89,20,399 |
| ഓഡിറ്റ് വർഷത്തെ വരവ് | 18,52,62,019 |
| ആകെ | 28,41,82,418 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 15,74,06,918 |
| നീക്കിയിരിപ്പ് | 12,67,75,500 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 3,13,40,000 | 3,13,40,000 | 3,12,29,823 | 1,10,177 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,10,01,000 | 1,10,01,000 | 95,14,779 | 14,86,221 |
| മെയിന്റനൻസ്-റോഡ് | 0 | 5,16,61,000 | 5,16,61,000 | **4,79,28,481 | 37,32,519 |
| മെയിന്റനൻസ്-നോൺ റോഡ് | 0 | 1,22,90,000 | 1,22,90,000 | 94,68,740 | 28,21,260 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 17,04,307 | 55,00,546 (52,80,603 + പലിശ 2,19,943) | 72,04,853 | 46,65,411 | *25,39,442 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ് | 31,03,015 | 1,22,11,000 | 1,53,14,015 | 49,44,640 | *1,03,69,375 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് –അൺ ടൈഡ് (ട്രഷറി മുഖേന) | 0 | 10,106 | 10,106 | 0 | 10,106 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ട്രഷറി മുഖേന) | 0 | 12,53,800 | 12,53,800 | 9,17,305 | 3,36,495 |

കുറിപ്പ്:- *ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ്, ടൈഡ് ഇനങ്ങളിൽ നിന്നും ഗവൺമെന്റിലേക്കുള്ള തിരിച്ചടവായ യഥാക്രമം 4,06,164/-, 77,068/- രൂപ തിരിച്ചടവാക്കാതെ തന്നെ ചെലവായി രേഖപ്പെടുത്തി.

**മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ വാർഷികകണക്ക് പ്രകാരമുള്ള ചെലവ് 4,79,28,481/- രൂപയും എ സി ആർ പ്രകാരമുള്ള ചെലവ് 4,96,79,030/-രൂപയുമാണ്. വ്യത്യാസം വന്ന 17,50,549/- രൂപ 28.3.25, 29.3.25 എന്നീ തിയ്യതികളിലെ ബിൽ നമ്പർ 744,746,747,750 എന്നിവ പ്രകാരമുള്ള ക്യൂബിൽ തുകകളാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 437 | 28,76,36,211 | 286 | 15,68,52,817 | 151 | 65.44 % |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 61,91,200 |
| വിധവാപെൻഷൻ | 3,14,32,200 |
| വാർദ്ധക്യകാലപെൻഷൻ | 5,33,95,400 |
| വികലാംഗപെൻഷൻ | 83,53,700 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 41,98,400 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 20.08.2025ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,787/- രൂപ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 വസ്തുനികുതി പരിഷ്ക്കരണം-ഫീൽഡ് തല പരിശോധന പൂർത്തീകരിച്ചിട്ടില്ല

വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട 22/3/2023-ലെ സ.ഉ.(കൈ)നം.77/2023/Lsgd നമ്പർ ഉത്തരവ് പ്രകാരം കെട്ടിടങ്ങളിലെ കൂട്ടിച്ചേർക്കലുകൾ, അനധികൃത നിർമ്മാണങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി സിവിൽ ഡിപ്ലോമ, ITI ഡ്രാഫ്റ്റ്മാൻ സിവിൽ, ITI സർവ്വേയർ എന്നീ യോഗ്യതകൾ ഉള്ളവരെ നിയോഗിച്ച് കൊണ്ട് പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് തല പരിശോധന 30/6/2023ന്പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ വസ്തുനികുതി പരിഷ്ക്കരണ ഫയൽ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിലെ ആകെയുള്ള 23 വാർഡുകളിൽ 2, 4, 5, 8, 9,

12, 16, 17, 21 എന്നീ ഒമ്പത് വാർഡുകളിൽ മാത്രമേ ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചിട്ടുള്ളൂ. ആയതിന്റെ ഡാറ്റ എൻട്രി നടത്തിയിട്ടുമില്ല. മറ്റ് വാർഡുകളെ സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ നിന്ന് ലഭ്യമല്ല. ഡാറ്റാ കളക്ഷൻ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനും നിലവിലെ സ്ഥിതി അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/21.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. സമയബന്ധിതമായി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. ഡാറ്റാ കളക്ഷൻ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9 വസ്തു നികുതി-പുതിയ നിരക്കിൽ ഈടാക്കിയില്ല

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലും 05.04.2023 ലെ സ.ഉ. (അച്ചടി) നം. 25/2023/ത.സ്വഭ.വ പ്രകാരമുള്ള നിരക്കുകളുടെ അടിസ്ഥാനത്തിലും ഭരണസമിതിയുടെ 21.7.2023 ലെ 2(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന് ബാധകമായ വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 01.04.2023 ന് ശേഷം വസ്തു നികുതി നിർണയിച്ച പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്ന് കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | ആകെ തറ വിസ്തീർണം | ബാധകമാക്കിയ നിരക്ക് | ബാധകമാക്കേണ്ട നിരക്ക് |
|---|---|---|---|---|
| 20/224A | രമ്യ ടി | 161.75 $M^2$ | 4 | 6 |
| 5/310 A | ശ്രീ.വിനോദ് ടി പി & വിനീത | 181.96 $M^2$ | | |

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/21.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ പഞ്ചായത്ത് പരിധിയിൽ 2023 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് പുതുക്കിയ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിച്ച് ഈടാക്കി അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-10 വിസ്തീർണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കുന്നില്ല</u>

പഞ്ചായത്തിലെ പുതുതായി അസസ്മെന്റ് നടത്തിയ കെട്ടിടങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ വിസ്തീർണത്തിനനുസൃതമായി വസ്തു നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

A) പഞ്ചായത്തിലെ പാർപ്പിടാവശ്യത്തിനുള്ള 300$m^2$ന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് (Rs.10/$M^2$) പാർപ്പിടാവശ്യത്തിനുള്ള 300$m^2$ വരെയുള്ള

കെട്ടിടങ്ങൾക്ക് ബാധകമായ കുറഞ്ഞ നിരക്കിലാണ് (Rs.6/$M^2$) നികുതി നിർണ്ണയിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | തറ വിസ്തീർണം | നികുതി അസസ് ചെയ്തത് |
|---|---|---|---|
| 9/70 B | മുബാറക്ക് | 351.28 $M^2$ | 2023-24 ഒന്നാം അർദ്ധ വർഷം മുതൽ |
| 14/724 A | അനൂപ് കെ കെ | 347.74 $M^2$ | 2023-24 രണ്ടാം അർദ്ധ വർഷം മുതൽ |

B) താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള 100$m^2$ന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് (Rs.70/$M^2$) വാണിജ്യാവശ്യത്തിനുള്ള 100$m^2$ വരെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ കുറഞ്ഞ നിരക്കിലാണ് (Rs.50/$M^2$) നികുതി നിർണ്ണയിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | തറ വിസ്തീർണം | നികുതി അസസ് ചെയ്തത് |
|---|---|---|---|
| 9/21/A B C | ബാബുരാജൻ പുളിയോത്ത് | 126.58 $M^2$ | 2024-25 രണ്ടാം അർദ്ധ വർഷം മുതൽ |

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/21.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ കെട്ടിടത്തിന്റെയും

സമാനമായി വസ്തുനികുതി വിസ്തീർണ്ണത്തിനനുസൃതമായി നികുതി നിർണയിച്ച് ഈടാക്കാത്ത മറ്റു കെട്ടിടങ്ങളുണ്ടെങ്കിൽ അവയുടെയും നികുതി പുനർനിർണ്ണയിച്ച്, നികുതിയിനത്തിൽ സംഭവിച്ച കുറവ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി ഈടാക്കുന്നില്ല

5.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് ബാധകമാകുന്ന നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ തുക എത്രയെന്ന് പരാമർശിച്ചിട്ടുണ്ട്. അതുപ്രകാരം വസ്തു നികുതിയുടെ പരിഷ്കരിച്ച നിരക്കുകൾ പുതുക്കി നിശ്ചയിച്ച്, അന്തിമ വിജ്ഞാപനം പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുമുണ്ട്. ടി വിജ്ഞാപന പ്രകാരം പാർപ്പിട ആവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടങ്ങളെ A, B, C, D, E എന്നിങ്ങനെ ഉപവിഭാഗങ്ങൾ ആയി വീണ്ടും തരം തിരിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരാളുടെ പേരിലുള്ള ഒന്നിലധികം പാർപ്പിട കെട്ടിടങ്ങളെ സ്വന്തം താമസത്തിനുപയോഗിക്കുന്ന പാർപ്പിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയും ഉടമസ്ഥൻ വാടകയ്ക്ക് നൽകുവാനുപയോഗിക്കുന്ന കെട്ടിടങ്ങളെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ എന്ന് കണക്കാക്കിയും നികുതി ഏർപ്പെടുത്താത്തതിനാൽ വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. തെറ്റായ നിരക്ക് നൽകി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | നിലവിൽ കാണിച്ച ഉപയോഗ ക്രമം/ | യഥാർത്ഥത്തിൽ കാണിക്കേണ്ട ഉപയോഗ |
|---|---|---|---|

| | | ഏർപ്പെടുത്തിയ നികുതി നിരക്ക് | ക്രമം/ ഏർപ്പെടുത്തേണ്ട നികുതി നിരക്ക് |
|---|---|---|---|
| 12/23 F1 To F5 G1 To G4 | അക്ബർ | പാർപ്പിടാവശ്യം/ 10 രൂപ | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ -300 ചതുരശ്ര മീറ്റർ മുകളിൽ -70/- രൂപ |
| 16/313 B To M | മെഹറൂഫ് പി | | |
| 20/669 A, A1, A10, To A19, A2, A20 To A29, A3, A3 To A39, A4, A4 To A49, A5, A5 To A59, B To Z | മീനാക്ഷി റാംജി | | |
| 22/29 A B C D | മുഹമ്മദ് ബഷീർ | | |

തെറ്റായ നികുതി നിരക്ക് നൽകി വസ്തു നികുതി നിർണ്ണയിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തെ സൂചിപ്പിക്കുന്നതിനായാണ് രണ്ട് ഉദാഹരണങ്ങൾ ചൂണ്ടികാട്ടിയിട്ടുള്ളത്. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/21.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. സമാനമായ

അപാകത നിലനിൽക്കുന്ന മറ്റ് കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം പുനപരിശോധിക്കേണ്ടതും മേൽ പരാമർശിച്ച കെട്ടിടങ്ങളുടേത് ഉൾപ്പെടെ ഇത്തരം കെട്ടിടങ്ങളുടെ നികുതി പുനർനിർണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി ഇളവ് നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

സർക്കാർ ഉത്തരവ് (എം.എസ്) നം.242/2013/ത.സ്വ.ഭ.വ തീ.2.7.2013 പ്രകാരം വിമുക്ത ഭടന്മാരുടെ 2000 ച.അടിയിൽ വരെ വിസ്തീർണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത ഒഴിവാക്കൽ വീടുകൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ആറാം വാർഡിലെ സരോജിനി എന്നവരുടെ ഉടമസ്ഥതയിലുള്ള 622-ാം നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ ടി ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/21.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉത്തരവിന് വിരുദ്ധമായി നൽകിയ നികുതി ഇളവ് റദ്ദ് ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതും ചട്ട പ്രകാരം നികുതി ഈടാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 വസ്തു നികുതി വിജ്ഞാപനത്തിലെ നിർദ്ദേശം പാലിക്കാതെ കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചു

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം പഞ്ചായത്തിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പുതിയ വസ്തു നികുതി നിരക്കുകളിൽ പൊതുജനങ്ങൾക്ക്

ഫീസ് നൽകി പ്രവേശിക്കാവുന്ന സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് 30/- രൂപയാണ് അടിസ്ഥാന വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ വാസഗൃഹങ്ങളുടെ ഭാഗമായോ ഹോട്ടലുകളുടെ ഭാഗമായോ നിർമിച്ചിട്ടുള്ള പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് അതാത് വിഭാഗത്തിന്റെ നികുതി നിരക്ക് ബാധകമായിരിക്കുമെന്ന് വിജ്ഞാപനത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മൂന്നാം വാർഡിൽ മൂസ ഹാജി എന്നവരുടെ ഉടമസ്ഥതയിൽ സ്ഥിതി ചെയ്യുന്ന റിസോർട്ടിൽ കെട്ടിട നമ്പർ 456/H പ്രകാരമുള്ള സ്വിമ്മിംഗ് പൂളിന് റിസോർട്ടിന് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കാതെ കുറഞ്ഞനിരക്കിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. തെറ്റായ നികുതി നിർണയത്തിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകചയറിയ്ക്ക് (നം. 23/21.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി വിജ്ഞാപനത്തിലെ നിർദ്ദേശം പാലിക്കാതെ കുറഞ്ഞ നിരക്കിൽ നിശ്ചയിച്ച നികുതി പുനർനിർണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 അമ്മ്യൂസ്മെന്റ് പാർക്ക്-ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത്രാജ് ആക്ട്,1994 സെക്ഷൻ 233 പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും പഞ്ചായത്ത് പ്രദേശത്തെ സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. എന്നാൽ സഞ്ചയ പ്രകാരം പഞ്ചായത്തിലെ മൂന്നാം വാർഡിൽ ഷംസുദ്ധീൻ എന്നവരുടെ ഉടമസ്ഥതയിൽ 456/C D E F എന്നീ കെട്ടിട നമ്പറുകൾ നൽകപ്പെട്ടിട്ടുള്ള മേരിയോട്ട് ഹിൽ എന്ന പേരിലുള്ള അമ്മ്യൂസ്മെന്റ് പാർക്ക് ലൈസൻസ് കൂടാതെ പ്രവർത്തിച്ച് വരുന്നതായി കാണുന്നു. 1963 ലെ കേരള പ്ലേസസ് ഓഫ് പബ്ലിക്ക് റിസോർട്ട് ആക്ടിന്റെ പരിധിയിൽ വരുന്ന ഇത്തരം പാർക്കുകൾക്ക് ലൈസൻസ് നൽകുന്നതിനായി അമ്മ്യൂസ്മെന്റ് പാർക്കുകൾക്ക് ലൈസൻസ്

നൽകുന്നതുമായി ബന്ധപ്പെട്ട് 20/08/2020-ലെ സ.ഉ (സാധാ) 1559/2020/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം വ്യക്തമായ മാർഗനിർദേശങ്ങൾ നിലവിലുണ്ട്. ആയത് പ്രകാരം ലൈസൻസ് ലഭിക്കുന്നതിനായി പി.പി.ആർ ചട്ടങ്ങളിലെ ചട്ടം 30,34 എന്നിവയ്ക്ക് പുറമെ ഇലക്ട്രിക്കൽ ഇൻസ്പെക്ട്രേറ്റിൽ നിന്നുള്ള നിരാക്ഷേപ പത്രം, കേരള അഗ്നിരക്ഷാ സേവന വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം, കേരള പി.ഡബ്ല്യൂ.ഡി (മെക്കാനിക്കൽ ഡിവിഷൻ)യിൽ നിന്നുള്ള നിരാക്ഷേപ പത്രം, സ്ട്രക്ചറൽ എഞ്ചിനീയറിൽ നിന്നുള്ള സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, അമ്മ്യൂസ്മെന്റ് റൈഡിൽ പ്രവേശിക്കുന്ന പൊതുജനത്തിന്റെ സുരക്ഷക്കായി എടുത്ത പബ്ലിക്ക് ലയബിലിറ്റി ഇൻഷുറൻസ് പോളിസി, ജീവനക്കാരുടെ സുരക്ഷക്കായുള്ള ഇൻഷുറൻസ് പോളിസി, തൊഴിൽ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം, ഭക്ഷണ പാനീയങ്ങൾ വിൽക്കുന്നുവെങ്കിൽ ആയതിന് ഫുഡ് സേഫ്റ്റി ലൈസൻസ്, സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന മതിയായ രേഖ എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കുട്ടികളടങ്ങുന്ന പൊതുജനത്തിന്റെ ജീവന് അപകടസാധ്യത ഉണ്ടാക്കിയേക്കാവുന്ന ഇത്തരം പാർക്കുകൾ ആവശ്യമായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ ഇല്ലാതെ പ്രവർത്തിക്കുന്നത് അംഗീകരിക്കാവുന്നതല്ല. പൊതുജനത്തിന്റെ ജീവനും സ്വത്തും സംരക്ഷിക്കുന്നത് അനിവാര്യ ചുമതലയായിട്ടുള്ള പഞ്ചായത്തിന് ഇത്തരം അപകട സാധ്യതയുള്ള സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ കൈകൊള്ളുന്നതിൽ സംഭവിക്കുന്ന കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.28/21.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുജനങ്ങളുടെ ജീവനുണ്ടായേക്കാവുന്ന അപകട സാധ്യത മുൻനിർത്തി ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിന് സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കാനും രേഖകൾ ഹാജരാക്കാനും കർശന താക്കീത് നൽകേണ്ടതും ലൈസൻസ് എടുക്കാൻ

വിമുഖത കാണിക്കുന്ന പക്ഷം കർശന നടപടികളിലേക്ക് കടക്കേണ്ടതുമാണ്. ഭരണ സമിതിയും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതും സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 നിരസിച്ച ക്രമവൽക്കരണ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല

പഞ്ചായത്തിലെ കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ സങ്കേതം സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്നും കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിന് വേണ്ടി ലഭ്യമായ അപേക്ഷകൾ വിവിധ അപാകതകൾ ചൂണ്ടികാട്ടി നിരസിക്കുകയോ തുടർ നടപടികൾ സ്വീകരിക്കാതെ തുടരുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. കെട്ടിടങ്ങളെ സംബന്ധിച്ച ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ തരം | അപാകത (As Per Application Register) | നിരസിച്ച തിയ്യതി |
|---|---|---|---|
| ആമിന കുന്നുമ്മൽ | പാർപ്പിടേതരം | Data Correction | 10.8.21 |
| ഫൌസിന നൌഫൽ | പാർപ്പിടേതരം | - സൈറ്റിലെയും പ്ലാനിലെയും അളവുകൾ തമ്മിൽ വ്യത്യാസം | 4.5.24 |

| | | | |
|---|---|---|---|
| | | -പാർക്കിങ് പ്ലാനിൽ അപാകത<br>-സെറ്റ്ബാക്ക് കൃത്യമായി നിർണയിക്കാൻ സാധിച്ചിട്ടില്ല | |
| അയ്യൂബ് എൻ | പാർപ്പിടേതരം | -Kpbr6(4) പ്രകാരമുള്ള വിവരങ്ങൾ ഇല്ല<br>- Kpbr22 Table 2 പ്രകാരമുള്ള അകലം പാലിച്ചിട്ടില്ല | 10.1.24 |
| മണികണ്ഠൻ കെ | പാർപ്പിടേതരം | Violation Of Kpbr Rule 26(4) | 5.11.24 |
| അബ്ദുൾ മജീദ് വി ടി | പാർപ്പിടേതരം | -ഫ്രണ്ട് യാർഡ് ലഭ്യമല്ല<br>-Violation Of Rule 28(1)3, 23(1), 33, 34, 35(2), 35(1)3, 23 | 17.4.24 |
| സി മുഹമ്മദ് ഫൈസി & | പാർപ്പിടം | -Basement Floor പ്ലാനിൽ | _ |

| | | | |
|---|---|---|---|
| മൈമൂന | | ഉൾപ്പെട്ടിട്ടില്ല | |
| Dr സുൽഫിക്കർ അലി | പാർപ്പിടം | Violation Of Kpbr Rule 26(4) | – |

മേൽ കെട്ടിടങ്ങൾ നിലവിൽ ക്രമവത്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കാനും ഇത്തരം നിർമ്മാണങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/20.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച നോട്ടീസ് പുറപ്പെടുവിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

ഫീൽഡ് തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണപൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. ഇത്തരം കെട്ടിടങ്ങളെ അനധികൃത നിർമ്മാണങ്ങളായി കണക്കാക്കേണ്ടതുണ്ട്. മേൽ കെട്ടിടങ്ങളെ നിലവിൽ ക്രമവത്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും പഞ്ചായത്തിലെ ഇത്തരം നിർമ്മാണങ്ങൾ കണ്ടെത്തി തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 തൊഴിൽനികുതി - അപാകതകൾ

പഞ്ചായത്തിലെ തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) <u>മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.</u>

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 5973 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2024-25 വർഷത്തിൽ 297 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. 173 കെട്ടിടങ്ങളുടെ നികുതി എഴുതി തള്ളിയിട്ടുണ്ട്. (Demolished) അതുകൊണ്ട് തന്നെ 5503 കെട്ടിടങ്ങളിൽ ഒരേ ഉടമയുടെ കീഴിലല്ലാത്ത കെട്ടിടങ്ങൾ ഒഴികെയും, ഉടമസ്ഥൻ വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങൾ ഉൾപ്പടുത്തിയും വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. എന്നാൽ വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നു എന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ ഡി & ഒ രജിസ്റ്റർ പ്രകാരം 1313 സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്. അതുകൊണ്ട് തന്നെ കേരള പഞ്ചായത്ത് രാജ് ചട്ടം 10 പ്രകാരമുള്ള തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഇവിടെ സ്വീകരിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം സെക്രട്ടറിയ്ക്ക് ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ, കൈവശക്കാരനോടോ, ഹോട്ടൽ, ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിലോ മുറിയിലോ താമസിക്കുന്നവരെ കുറിച്ചും അവരുടെ തൊഴിലിനേയോ ഉദ്യോഗത്തേയോ കലയെയോ സംബന്ധിച്ചും വാടകയെക്കുറിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. പഞ്ചായത്തിൽ ഇപ്രകാരമുള്ള നടപടി സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

2) <u>കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.</u>

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ വരുന്ന വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ 30 ഓളം കരാറുകാർ,

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ ഒരു കരാറുകാരൻ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/19.8.25) മറുപടി ലഭിച്ചിട്ടില്ല. തുടർവർഷങ്ങളിൽ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-17 സ്ഥിരനിക്ഷേപം തിരികെ ഈടാക്കൽ-നടപടികൾ കൈകൊള്ളുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിന് കുന്ദമംഗലം അർബ്ബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (നം. ഡി. 2750) എന്ന സഹകരണ സ്ഥാപനത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (നിക്ഷേപ രസീത് നം. 2002/13-11-2014) 31.05.2020 ന് ശേഷം പുതുക്കി നൽകുകയോ നിക്ഷേപത്തിനുള്ള പലിശ നൽകുകയോ ചെയ്യാതിരുന്ന സാഹചര്യത്തിൽ 31.05.2020 ലെ പുതുക്കലിന് ശേഷമുള്ള നിക്ഷേപതുകയായ 15,77,798/- രൂപ പലിശ സഹിതം തിരികെ നൽകുന്നതിന് 08.07.2020 ലെ Accts/2020 നമ്പർ കത്ത് പ്രകാരം സൊസൈറ്റിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സൊസൈറ്റി സ്ഥിരനിക്ഷേപ തുക തിരികെ നൽകുകയുണ്ടായില്ല (വിശദാംശത്തിനായി 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.1-15 കാണുക). തുടർന്ന് നിക്ഷേപതുക തിരികെ ലഭിക്കുന്നതിനുള്ള നിയമനടപടികൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആർബിട്രേഷൻ & എക്സിക്യൂഷൻ കോടതി II, കോഴിക്കോട് മുമ്പാകെ 2024 മാർച്ച് മാസത്തിൽ ആരംഭിച്ചിരുന്നു. ആയതിന് കോഴിക്കോട് ആർബിട്രേഷൻ & എക്സിക്യൂഷൻ കോടതി അസിസ്റ്റന്റ് രജിസ്ട്രാറുടെ 19.3.25 തിയ്യതിയിലെ ARC No.1482/2024 ഉത്തരവ് പ്രകാരം അനുകൂല വിധി ലഭ്യമായിട്ടുണ്ട്. ഉത്തരവ് പ്രകാരം 60

ദിവസത്തിനകം തുക പലിശ സഹിതം തിരികെ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1969, സെക്ഷൻ 76 പ്രകാരം ഉത്തരവാദികളുടെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതുമാണ്. എന്നാൽ നാളിതുവരെയും ടി തുക തിരികെ ഈടാക്കിയിട്ടില്ല. നടപടികളിലെ കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25.8.25/21.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. കോടതി വിധി നടപ്പിലാക്കേണ്ടതും തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-18 ഫെസ്റ്റിവൽ അഡ്വാൻസ്,ടൂർ അലവൻസ് അഡ്വാൻസ് തുകകൾ ക്രമീകരിച്ചില്ല

പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മുൻവർഷങ്ങളിൽ കൈപ്പറ്റിയ അഡ്വാൻസ് തുകകൾ നാളിതുവരെയും ക്രമീകരിക്കാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.
വാർഷികകണക്ക് പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 37,000/-രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. ആയതിൽ മുൻവർഷങ്ങളിൽ ക്രമീകരിക്കാത്ത 29,000/- രൂപയും ഉൾപ്പെടുന്നു. ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ടി തുക ശ്രീമതി.സിന്ധു (മുൻ സെക്രട്ടറി-16,000/-), ഒരു വ്യക്തി (രജിസ്റ്ററിൽ ചേളന്നൂർ & ഓമശ്ശേരി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു – 13,000/-) എന്നിവരിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്നതാണ്. തുകകൾ നാളിതുവരെയും ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തുകകൾ ഈടാക്കി അറിയിക്കേണ്ടതുമാണ്.
വാർഷിക കണക്ക് പ്രകാരം മുൻ വർഷങ്ങളിൽ നൽകിയിട്ടുള്ള ട്രാവൽ അലവൻസ് ഇനത്തിൽ 10,000/-രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ

| വ്യക്തി | കൈപ്പറ്റിയ തുക |
|---|---|
| ടി കെ സീനത്ത് (മുൻ മെമ്പർ) | 1000 |
| ഗിരീഷ് കുമാർ (മുൻ സെക്രട്ടറി) | 4000 |
| ഷൈജു (സീനിയർ ക്ലർക്ക്) | 3000 |
| ഷൈജ വളപ്പിൽ (മുൻ മെമ്പർ) | 2000 |

ആയതിൽ ഷൈജ വളപ്പിൽ (മുൻ മെമ്പർ) എന്നവർ കൈപ്പറ്റിയ തുക ടി സാമ്പത്തിക വർഷത്തിൽ ഈടാക്കിയതായി കാണുന്നു. സെക്രട്ടറിയിൽ നിന്നും ക്ലർക്കിൽ നിന്നും ചെലവ് രേഖകൾ ഹാജരാക്കിക്കൊണ്ടും മെമ്പറിൽ നിന്ന് തുക തിരികെ ഈടാക്കിക്കൊണ്ടും അഡ്വാൻസ് തുകകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/21.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 സ്ഥിര നിക്ഷേപത്തിൽ നിന്നും ടി ഡി എസ് ഈടാക്കുന്നു

ഗ്രാമപഞ്ചായത്തിന് കുന്ദമംഗലം കെ ഡി സി ബാങ്കിലുള്ള സ്ഥിരനിക്ഷേപം 13.8.24 തിയ്യതിയിൽ പുതുക്കിയപ്പോൾ പലിശയായ 55,629/- രൂപ അടക്കം 8,22,932/- രൂപയാണ് ലഭിക്കേണ്ടിയിരുന്നത്. എന്നാൽ പലിശ ഇനത്തിലെ 50,434/- രൂപ അടക്കം ആകെ 8,17,737/- രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ലഭ്യമാകേണ്ട പലിശയിൽ നിന്നും 5,195/- രൂപ ടി ഡി എസ് ഇനത്തിൽ ഈടാക്കിയതായാണ് കാണുന്നത്. ഇൻകം ടാക്സ് ആക്ട്- സെക്ഷൻ 10(20) പ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ വരുമാനത്തിന്മേൽ നികുതി ഈടാക്കുന്നത്

ഒഴിവാക്കിയിട്ടുള്ളതിനാൽ, അനധികൃതമായി ഈടാക്കിയ നികുതി തുകയും ടി തുക അക്കൌണ്ടിൽ തന്നെ നിലനിർത്തിയിരുന്നെങ്കിൽ ലഭിക്കേണ്ടിയിരുന്ന പലിശയും തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-20 ജില്ലാ പഞ്ചായത്തിന് വിഹിതം നൽകി - പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

2024-25 വർഷം സെക്രട്ടറി നിർവഹണോദ്യഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ വഴി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക/ ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ, തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 5/25 ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം -ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 1,00,000 (വികസന ഫണ്ട്) | 779/13-3-25 | തെരുവു നായ്ക്കളുടെ വന്ധ്യം കരണം, ആനിമൽ ബർത്ത് കൺട്രോൾ തുടർ പ്രവർത്തനം എന്നിവയ്ക്ക് തുക കോഴിക്കോട് ജില്ലാ |

| | | | | | |
|---|---|---|---|---|---|
| | | | | | പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറി. പദ്ധതി പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. |
| | 2 | 14/25 കാൻസർ കെയർ സൊസൈറ്റി ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ | 50,000 (വികസന ഫണ്ട്) | 556/9-1-25 | ജില്ലാ പഞ്ചായത്ത് നേതൃത്വത്തിൽ കാൻസർ ബോധവൽക്കരണം, ചികിത്സാ ധന സഹായം, മുൻകൂട്ടിയുള്ള രോഗ നിർണ്ണയം തുടങ്ങി കാൻസർ രോഗികളുടെ സമഗ്ര ക്ഷേമത്തിനായുള്ള പദ്ധതിയ്ക്ക് തുക കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് |

| | | | | |
|---|---|---|---|---|
| | | | | കൈമാറി. പദ്ധതി പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. |
| | ആകെ | 1,50,000 | | |

മേൽ പദ്ധതികൾ/പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകചയറിയ്ക്ക് (നം.10/24-25, തീയതി- 19-8-25) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികളുടെ പൂർത്തീകരണം, വിനിയോഗവിവരം എന്നിവ ലഭ്യമാക്കുന്നത് വരെ 1,50,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## **1-21 അങ്കണവാടി പോഷകാഹാരം - പ്രോജക്ട് നിർവ്വഹണം അപാകതകൾ**

പ്രൊജക്ട് നം, പേര് - 9/25 അങ്കണവാടി പോഷകാഹാരം

വകയിരുത്തിയ തുക - 78,97,000 (30,00,000– വികസന ഫണ്ട്+ 46,97,000 – കേന്ദ്രാവിഷ്കൃതം + 2,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ് തുക- 47,17,196/- (29,99,261 – വികസന ഫണ്ട്+ 17,17,935 – കേന്ദ്രാവിഷ്കൃതം)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ അനുപൂരക പോഷകാഹാരം പദ്ധതിയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

**1. <u>ന്യൂട്രിമിക്സ് ഉത്പന്നം - ബിൽ തുകയിൽ നിന്ന് ടി.ഡി.എസ് ആയി ജി.എസ്.ടി ഈടാക്കിയില്ല</u>**

അനുപൂരക പോഷകാഹാരം പദ്ധതിയിൽ ശക്തി ഫുഡ് പ്രോഡക്ട്സ്, മാവൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് താഴെ പറയും പ്രകാരം 'അമൃതം ഫുഡ്' 2.5% CGST യും, 2.5% SGST യും ഉൾപ്പെടെ നല്കി വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയപ്പോൾ ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്നുവെങ്കിലും സ്രോതസിൽ നിന്നും ടി.ഡി.എസ് ആയി 2% ജി.എസ്.ടി ഈടാക്കി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം അമൃതം ഫുഡ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തിയ്യതി | ന്യൂട്രിമിക്സിന് CGST, SGST (5%) ഉൾപ്പെടെ അനുവദിച്ച ബിൽ തുക |
|---|---|
| 397/8-4-24 | 1,40,679 |
| 401/14-5-24 | 1,30,977 |
| 406/8-6-24 | 1,10,176.5 |
| 411/17-7-24 | 1,17,673 |
| 420/28-9-24 | 1,57,363 |
| 416/29-8-24 | 1,29,948 |
| 429/28-11-24 | 1,52,512 |
| 425/4-11-24 | 1,54,497 |

| | |
|---|---|
| 433/26-12-24 | 1,51,961 |
| 435/22-1-25 | 1,30,315.5 |
| 439/25-2-25 | 1,36,636.5 |
| ആകെ | 15,12,738.5 |

മേൽ കാണിച്ചിരിക്കുന്ന ഇൻവോയ്സുകളിൽ നിന്നും 5% നിരക്കിൽ GST ഇനത്തിൽ ശക്തി ഫുഡ് പ്രോഡക്ട്സ്, മാവൂർ എന്ന സ്ഥാപനം വിവിധ മാസങ്ങളിലായി ഗ്രാമ പഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്. CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) ലും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. ഒരു വർഷത്തിൽ സ്ഥാപനം വിതരണം ചെയ്യുന്ന ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാഹചര്യത്തിലും (ചെറിയ തുകയുടെ ബില്ലുകളായിട്ടാണ് പെയ്മെന്റുകൾ നടത്തിയിരിക്കുന്നത്) ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ആയി 2% നികുതി ഈടാക്കിയിട്ടില്ല.

## 2.**<u>അങ്കണവാടികളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ</u>**

പഞ്ചായത്തിൽ 46 അങ്കണവാടികളാണുള്ളത്. കൂടാതെ പഞ്ചായത്ത് പരിധിയിൽ ഒരു ഡേകെയർ സെന്ററും പ്രവർത്തിക്കുന്നുണ്ട്. അനുപൂരക പോഷകാഹാര വിതരണത്തിന്റെ ഓഡിറ്റിന്റെ ഭാഗമായി നടന്നിട്ടുള്ള പാചകവാതക ചെലവു വിശദാംശം പരിശോധിച്ചതിൽ ഈ അങ്കണവാടികളിലും ഡേകെയർ സെന്ററിലും വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷനാണുള്ളതെന്ന് കാണുന്നു. വാണിജ്യാവശ്യത്തിനുള്ള കണക്ഷനും ഗാർഹികാവശ്യത്തിനുള്ള കണക്ഷനും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ വാണിജ്യാവശ്യത്തിനുള്ള ഗ്യാസിന് ഒരു കി.ഗ്രാമിൽ തന്നെ ഏകദേശം 30 രൂപയോളം അധികം നൽകേണ്ടി വരുന്നതിനാൽ ഈയിനത്തിൽ വലിയൊരു തുക ഓരോ വർഷവും അധികം ചെലവഴിക്കേണ്ടി വരുന്നുണ്ട്. ലാഭേച്ഛയില്ലാതെ പഞ്ചായത്ത് പരിധിയിലെ അമ്മമാരുടെയും കുട്ടികളുടെയും ക്ഷേമം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന അങ്കണവാടികളിലും ഡേകെയർ സെന്ററിലും ഗാർഹിക കണക്ഷൻ ഏർപ്പെടുത്താൻ ഇതുവരെയും നടപടി സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/14-8-25) 16-8-25 -ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 2.5 ലക്ഷത്തിൽ കുറഞ്ഞ ബില്ലുകളിൽ GST ടി.ഡി.എസ് ഈടാക്കണമെന്ന് അറിയില്ലായിരുന്നുവെന്നും വരും വർഷത്തിൽ GST ടി.ഡി.എസ് ആയി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അങ്കണവാടികളിലും ഡേകെയർ സെന്ററിലും വാണിജ്യാവശ്യത്തിനുള്ള കണക്ഷൻ ഒഴിവാക്കി ഗാർഹികാവശ്യത്തിനുള്ള കണക്ഷനുകളാക്കി മാറ്റുന്നതിന് ഭരണ സമിതിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. മറുപടിയിൽ പറഞ്ഞ പ്രകാരം വരും വർഷത്തെ ന്യൂട്രിമിക്സ് ബില്ലിൽ നിന്നും ജി.എസ്.ടി ഇനത്തിൽ ടി.ഡി.എസ് ഈടാക്കി അറിയിക്കേണ്ടതാണ്.

**1-22 കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് - വിനിയോഗ വിവരം ലഭ്യമല്ല.**

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർ വൈസർ

പ്രൊജക്റ്റ് നം - 44/25

വകയിരുത്തിയ തുക - 50,000 (വികസന ഫണ്ട്)

ചെലവ് - 50,000/-

ബിൽ നമ്പർ - 498/13-12-24 -വികസന ഫണ്ട്

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയതിനുള്ള തുടർ ചെലവായി പഞ്ചായത്ത് പരിധിയിലെ ഒരു കുട്ടിക്ക് (ശ്രീ.അനേക്. വി.എം, വാർഡ്-8, മലയോടിയാവുമ്മൽ) 50,000/- രൂപ കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് അടവാക്കിയിട്ടുണ്ട്.

പ്രസ്തുത തുക പഞ്ചായത്ത് പരിധിയിലെ ശ്രീ.അനേക്.വി.എം എന്ന കുട്ടിയുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയതിനുള്ള തുടർ ചികിത്സക്കായി വിനിയോഗിച്ചതിന്റെ വിശദാംശം കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രത്തിനായി കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് ഐ.സി.ഡി.എസ് സൂപ്പർവൈസർ കത്തയക്കുകയും തുക വിനിയോഗിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം അയച്ചുതരാമെന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്. മേൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് (നം. 4/14-8-25) 16-8-25ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യ പത്രത്തിനായി കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കത്തയക്കുകയും വിനിയോഗ സാക്ഷ്യ പത്രം അയച്ചുതരാമെന്ന് രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. അതുവരെ ചെലവ് തുകയായ 50,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-23 ഭരണസമിതി യോഗ മിനിട്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ഭരണസമിതി യോഗങ്ങളുടെ മിനിട്സ് നിലവിൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയാണ് തയ്യാറാക്കുന്നതും പരസ്യപ്പെടുത്തുന്നതും. സ്ഥാപനത്തിന്റെ മിനിട്സ് സകർമ്മയിൽ പരിശോധിച്ചതിൽ നാളിതുവരെ നടത്തിയ 6 യോഗങ്ങളുടെ മിനിട്സ് പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ലെന്ന് കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | യോഗ നമ്പർ | യോഗ തീയതി | യോഗ സ്വഭാവം | മിനിട്ടിന്റെ അവസ്ഥ |
|---|---|---|---|---|
| 1 | 16 | 31-5-25 | അടിയന്തരം | പൂർത്തീകരിച്ചിട്ടില്ല |
| 2 | 18 | 12-6-25 | അടിയന്തരം | പൂർത്തീകരിച്ചിട്ടില്ല |
| 3 | 19 | 28-6-25 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 4 | 20 | 11-7-25 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 5 | 21 | 31-7-25 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 6 | 22 | 7-8-25 | അടിയന്തരം | പൂർത്തീകരിച്ചിട്ടില്ല |

കൂടാതെ ഓഡിറ്റ് വർഷം നടന്ന യോഗങ്ങളുടെ മിനിട്ട്സ് പ്രസിദ്ധീകരിക്കുന്നതിൽ വലിയ കാലതാമസവും വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | യോഗ നമ്പർ | യോഗ തീയതി | യോഗ സ്വഭാവം | മിനിട്ട്സ് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | 3 | 30-1-24 | അടിയന്തരം | 5-3-24 |
| 2 | 6 | 6-2-24 | അടിയന്തരം | 5-3-24 |
| 3 | 9 | 17-2-24 | സാധാരണം | 2-5-24 |
| 4 | 11 | 5-3-24 | സാധാരണം | 2-5-24 |
| 5 | 26 | 23-9-24 | അടിയന്തരം | 7-11-24 |
| 6 | 29 | 30-11-24 | സാധാരണം | 14-1-25 |
| 7 | 4 | 7-2-25 | സാധാരണം | 2-5-25 |
| 8 | 7 | 17-3-25 | സാധാരണം | 21-5-25 |

എല്ലാ മിനിട്ട്സുകളും അംഗീകരിക്കുന്നതിൽ വലിയ കാലതാമസം വരുന്നതായി സകർമ്മ സോഫ്റ്റ് വെയർ സാക്ഷ്യപ്പെടുത്തുന്നു.

ഭരണസമിതി യോഗങ്ങളുടെ മിനിട്സ് എപ്രകാരം തയ്യാറാക്കണമെന്നും പ്രസിദ്ധീകരിക്കണമെന്നും 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26ൽ വിശദമാക്കുന്നുണ്ട്. പഞ്ചായത്ത് യോഗത്തിൽ പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാന രജിസ്റ്ററും, യോഗനടപടിക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനിട്സ് ബുക്കും ഉണ്ടായിരിക്കണമെന്ന് ചട്ടം 20(3) വ്യവസ്ഥ ചെയ്യുന്നുണ്ട്. കൈയ്യെഴുത്തായി മിനിട്സും തീരുമാന രജിസ്റ്ററും തയ്യാറാക്കുന്ന രീതി അടിസ്ഥാനപ്പെടുത്തിയാണ് ഈ ചട്ടമെങ്കിലും സോഫ്റ്റ്‌വെയർ അടിസ്ഥാനപ്പെടുത്തി ഇവ തയ്യാറാക്കുമ്പോൾ നടപടിക്രമവും സമയക്രമവും ഈ ചട്ടങ്ങൾ പ്രകാരമാകേണ്ടതുണ്ട്. പഞ്ചായത്ത് പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും അവ പാസാക്കുന്ന മുറയ്ക്ക് സെക്രട്ടറി തീരുമാനം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അതിനു താഴെ സെക്രട്ടറിയും യോഗാധ്യക്ഷനും ഒപ്പു വയ്ക്കേണ്ടതാണെന്നും ഇത് യോഗത്തിൽ വായിക്കേണ്ടതാണെന്നും ഇതിന്റെ പകർപ്പ് യോഗം അവസാനിച്ചയുടൻ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തണമെന്നും ചട്ടം 20(4)ൽ വിശദമാക്കുന്നുണ്ട്. ഇതിന്റെ പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നല്കണമെന്ന് ചട്ടം 20(6) അനുശാസിക്കുന്നു.

മിനിട്ടിന്റെ കാര്യത്തിൽ, യോഗത്തിൽ ഓരോ വിഷയത്തിലും അംഗങ്ങൾ നടത്തിയ പ്രസംഗങ്ങളും പ്രസ്താവനകളും സെക്രട്ടറി നടത്തിയ അഭിപ്രായങ്ങളും ക്രമപ്രശ്നങ്ങളിൽ അദ്ധ്യക്ഷൻ എടുത്ത തീരുമാനങ്ങളും രത്നചുരുക്കത്തിൽ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് ചട്ടം 20(7) ൽ പ്രതിപാദിക്കുന്നുണ്ട്. ഇതിന്റെ കരട് യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ സെക്രട്ടറി അദ്ധ്യക്ഷന് നല്കേണ്ടതും (ചട്ടം 20(9)) അദ്ധ്യക്ഷൻ 24 മണിക്കൂറിനുള്ളിൽ അംഗീകരിച്ച് സെക്രട്ടറിക്ക് തിരികെ നല്കേണ്ടതുമാണ് (ചട്ടം 20(9)) ഇത് തിരിച്ചുകിട്ടിയാൽ ഉടൻ

സെക്രട്ടറി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുകയും പകർപ്പ് നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതുമാണ് (ചട്ടം 20(10)) ചട്ടങ്ങളിൽ ഇപ്രകാരം പ്രതിപാദിച്ചിരിക്കെ യോഗം കഴിഞ്ഞ് മാസങ്ങളായിട്ടും മിനിട്സും തീരുമാനം രജിസ്റ്ററും പൂർത്തിയാക്കി പ്രസിദ്ധീകരിക്കാത്തത് അംഗീകരിക്കാവുന്നതല്ല. മിനിട്സുമായി ബന്ധപ്പെട്ട് ചട്ടവിരുദ്ധമായി പ്രവർത്തിച്ചതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/24-25, തീയതി- 21-8-25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും ഭാവിയിൽ ചട്ട പ്രകാരം മിനുട്സ് പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-24 ഭവനനിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനും ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ നിന്ന് ഭവന നിർമ്മാണത്തിനും, ഭവനപുനരുദ്ധാരണത്തിനുമായി ധനസഹായം കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ ഇതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| പട്ടിക - 1 | | |
|---|---|---|
| 196/25- ഭവന പുനരുദ്ധാരണം - ജനറൽ (സ്പിൽ ഓവർ) 2023-24 ൽ ആരംഭിച്ചത് | | |
| ക്രമ നം. | ഗുണഭോക്താവ് | വിശദാംശം |
| 1 | വിലാസിനി.കെ കോരംകണ്ടി | 12-2-24ന് 37,500/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | (വാർഡ് -23) | അതിനു ശേഷം ഗുണഭോക്താവ് മരണപ്പെട്ടു. |
| 2 | സത്യബേബി ചെറുവലത്ത് (വാർഡ് -23) | 19-2-24ന് 37,500/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. |
| 3 | അമിറുദ്ദീൻ പൊറ്റപറമ്പിൽ (വാർഡ് -20) | 29-2-24 ന് 37,500/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. |
| 4 | മാധവി വട്ടംപാറക്കൽ (വാർഡ് -5) | 12-3-24 ന് 37,500/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. |
| 5 | മാധവൻ അരിമ്പൂർ (വാർഡ് -15) | 12-3-24ന് 37,500/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. |
| 6 | സരോജിനി തൊടുകയിൽ മീത്തൽ (വാർഡ് -1) | 10-10-24ന് 37,500/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. |
| 7 | ഹനീഫ കെ.സി കിഴക്കോടൻ ചാലിൽ (വാർഡ് -7) | 243-24 ന് 37,500/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. |

പട്ടിക - 2

| 228/25,226/25 (സ്പിൽ ഓവർ പ്രോജക്ടുകൾ) - വീട് വാസയോഗ്യമാക്കൽ - എസ്.സി (2022-23, 23-24 വർഷങ്ങളിൽ ആരംഭിച്ചത്) | | |
|---|---|---|
| ക്രമ നം. | ഗുണഭോക്താവ് | വിശദാംശം |
| 1 | പ്രേമ പി.പി, കല്ലറ കോളനി, കാരന്തൂർ വാർഡ്-21 | 50,000/- രൂപ 28-3-23ന് അഡ്വാൻസ് നൽകിയിട്ടുണ്ട്. |
| 2 | വിലാസിനി ആർ.ജി കോളനി വാർഡ്- 10 | 62500/- രൂപ 4-1-24 ന് അഡ്വാൻസ് നൽകിയിട്ടുണ്ട്. |
| 3 | ലക്ഷ്മി കല്ലറകോളനി കാരന്തൂർ, വാർഡ്-21 | 62500/- രൂപ 4-1-24 ന് അഡ്വാൻസ് നൽകിയിട്ടുണ്ട്. |

| പട്ടിക - 3 | | |
|---|---|---|
| ലൈഫ് ഭവനം - എസ്.സി - 2022-23ൽ ആരംഭിച്ചത് | | |
| ക്രമ നം. | ഗുണഭോക്താവ് | വിശദാംശം |
| 1 | ലീല അമ്പായക്കണ്ടിയിൽ വാർഡ്-10 കുന്ദമംഗലം | 15-3-23 ന് 40,000/- രൂപ അഡ്വാൻസ് നൽകി. ഭവന നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. |

| | | |
|---|---|---|
| 2 | ഗിരിജ അരുണോളിച്ചാലിൽ വാർഡ്- 22 | 29-3-23 ന് 40,000/- രൂപ അഡ്വാൻസ് നൽകി. ഭവന നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/2024-25 തീയതി-19-8-25) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം. 34/2018/ത.സ്വ.ഭ.വ, തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്.

ഭവന പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചവരിൽ മരണപ്പെട്ടയാളുടെ കാര്യത്തിൽ അനന്തരാവകാശികളുണ്ടെങ്കിൽ അവരുടെ പേരിലേക്ക് ധനസഹായമനുവദിച്ച് പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റ് ഗുണഭോക്താക്കളുടെ കാര്യത്തിൽ റിപ്പയർ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ലൈഫ് ഭവന പദ്ധതിയിൽ ധനസഹായം കൈപ്പറ്റിയിട്ടും മേൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-25 പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ

പ്രൊജക്ട് നമ്പർ - 208/24-25 (സ്പിൽ ഓവർ)

അടങ്കൽ - 99,500/- തനത് ഫണ്ട്

ചെലവ് - 99,500/-

ബിൽ സാങ്ഷൻ നം - 825/21-3-25

2023-24 ചെലവ് - 2,50,000/- (തനത് ഫണ്ട്)

വൗച്ചർ നം- 22301278/12-2-24

ആകെ ചെലവ് - 3,49,500/-

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം, ഗ്രാമപഞ്ചായത്തിൽ നേരത്തെ സ്ഥാപിച്ചിട്ടുള്ളതും നിലവിൽ പ്രവർത്തിക്കാത്തതുമായ സോളാർ പാനൽ ഉപയോഗപ്പെടുത്തിക്കൊണ്ട് ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് അനർട്ട് ലഭ്യമാക്കിയ 3,49,800/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 3,49,500/- രൂപ 2023-24, 2024-25 വർഷങ്ങളിലായി അനർട്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതു പ്രകാരം അനർട്ട്, പഞ്ചായത്തിൽ സൗര വൈദ്യുതി നിലയം (ഹൈബ്രിഡ്) സ്ഥാപിച്ചിട്ടുണ്ട്. ഉല്പാദിപ്പിക്കുന്ന വൈദ്യുതി ബാറ്ററിയിൽ സംഭരിക്കുകയും തത്സമയം ഉപയോഗിക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. നിലവിൽ ഗ്രാമ പഞ്ചായത്തിന്റെ വൈദ്യുതി ആവശ്യത്തിനായി പ്രസ്തുത നിലയത്തെയാണ് ആശ്രയിക്കുന്നത്. അനർട്ടിന്റെ 2-10-23 ലെ 10/SPV-GEN/ANERT/KKD/2022-23 നം പ്രാരംഭ പഠന റിപ്പോർട്ട് പ്രകാരം പദ്ധതിക്ക് താഴെ കൊടുത്തിരിക്കും പ്രകാരമാണ് ചെലവ് വരുന്നത്.

| | ഘടകങ്ങൾ | തുക |
|---|---|---|

| | | |
|---|---|---|
| 1 | പവർ പ്ലാന്റിന്റെ പ്രതിഷ്ഠാപനത്തിന് ചെലവാകുന്ന തുക (8 KW ) | 2,80,000 |
| 2 | കെ.എസ്.ഇ.ബി യിൽ നിന്നും ലഭിക്കേണ്ട അനുമതിയുടെ ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവ | 10,000 |
| 3 | പാനൽ സ്ഥാപിക്കുന്നതിന് ആവശ്യമായ കോവണി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ചെലവ് | 28,000 |
| 4 | ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്നതിനുള്ള സർവ്വീസ് ചാർജ്ജ് (10%) | 31,800 |
| | ആകെ | 3,49,800 |

അനെർട്ടിന്റെ പ്രാരംഭ പഠന റിപ്പോർട്ട് പ്രകാരം, അനർട്ട് മുഖേന ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്ന പക്ഷം ആകെ പദ്ധതി തുകയുടെ 10 ശതമാനം സർവ്വീസ് ചാർജ്ജായി നൽകേണ്ടതും സ്ഥാപിക്കപ്പെടുന്ന നിലയത്തിന് 5 വർഷം വാറന്റിയും സോളാർ പാനലുകൾക്ക് 25 വർഷം പെർഫോമൻസ് വാറന്റിയും ( ആദ്യ 10 വർഷം വരെ 90 ശതമാനം, തുടർന്നുള്ള 15 വർഷം 80 ശതമാനവും പ്രവർത്തനക്ഷമത ഉറപ്പാക്കുന്നു) ഇത് സ്ഥാപിച്ച ഏജൻസി നൽകണം. മേൽ പഠന റിപ്പോർട്ട് പ്രകാരം കേന്ദ്ര നവീകരണ മന്ത്രാലയത്തിന്റെ സർക്കാർ സ്ഥാപനങ്ങൾക്കായുള്ള ഇൻസെന്റീവ് സ്കീമിൽ അനുമതി ലഭിക്കുന്ന പക്ഷം പദ്ധതിക്ക് അനുവദനീയമായ ഇൻസെന്റീവ് കേന്ദ്ര ഫണ്ടിന്റെ ലഭ്യതയ്ക്കും അനർട്ട് നടപടിക്രമങ്ങൾക്കും വിധേയമായി ഗ്രാമപഞ്ചായത്തിന് നൽകുന്നതാണെന്നും അനർട്ട് അറിയിച്ചിട്ടുണ്ട്.

12-2-24 ന് അനെർട്ടുമായി എഗ്രിമെന്റ് വെച്ച് (നം.39/24) അന്നു തന്നെ 250000 രൂപ അനർട്ടിന് കൈമാറുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റിലെ 3-ാമത്തെ നിബന്ധന

പ്രകാരം ബാക്കി തുകയായ 99,800/- രൂപ (3,49,800 - 2,50,000) അനർട്ട് പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി നൽകുന്ന മുറയ്ക്ക് 15 ദിവസത്തിനുള്ളിൽ അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്. 5-9-2024, 7-3-2025 എന്നീ തീയ്യതികളിലെ 17/DW-29/ANERT/KKD/2023-24 കത്ത് പ്രകാരം താഴെ കൊടുത്ത പ്രകാരം പദ്ധതി ചെലവു സംബന്ധിച്ച വിവരം അനർട്ട് ജില്ലാ കാര്യാലയത്തിലെ എഞ്ചിനീയർ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

1.അനർട്ടിൽ നിക്ഷേപിച്ച തുക – 2,50,000/-

2.വർക്ക് ഓർഡർ തുക - 3,49,500/-

3. അനർട്ടിന്റെ സർവ്വീസ് ചാർജ്ജ് - 34,950/-

4. ആകെ ചെലവ് (2+3) - 3,84,450/-

5. ചെലവായ അധിക തുക - 1,34,450/-

അധികമായി ചെലവ് വന്ന 1,34,450/- രൂപ അനർട്ടിന് കൈമാറിയ ശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇതിനുശേഷം 21-3-25ന് 99,500/-രൂപ (എഗ്രിമെന്റ് പ്രകാരമുള്ള തുക) അനർട്ടിന് കൈമാറിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) എഗ്രിമെന്റിലെ 3 -ാമത്തെ നിബന്ധന പ്രകാരം ബാക്കി തുകയായ അനർട്ടിന്റെ 10% സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ 99,500/- രൂപ മാത്രം അനർട്ടിന് നൽകേണ്ടതിനു പകരമായി വർക്ക് ഓർഡർ തുക 3,49,500/- രൂപ എന്ന് കാണിച്ച് 34,950/- രൂപ (1,34,450-99,500) അധികമായി അനർട്ട് ആവശ്യപ്പെട്ടതിന്റെ സാംഗത്യം വ്യക്തമല്ല. പ്രസ്തുത

വിവരം അനർട്ടിനെ ബോധ്യപ്പെടുത്തി മേൽ ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) മേൽ പഠന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രകാരം കേന്ദ്ര നവീകരണ മന്ത്രാലയത്തിന്റെ സർക്കാർ സ്ഥാപനങ്ങൾക്കായുള്ള ഇൻസെന്റീവ് സ്കീമിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ സോളാർ പവർ പ്ലാന്റിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. അനർട്ടുമായി ബന്ധപ്പെട്ട് പ്രസ്തുത അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് പഞ്ചായത്ത് അന്വേഷിച്ചു കാണുന്നില്ല. പ്രസ്തുത വിശദാംശവും പദ്ധതിക്ക് അനുവദനീയമായ ഇൻസെന്റീവും അനർട്ടിൽ നിന്നും ലഭ്യമാക്കി അറിയിച്ചിട്ടില്ല.

3) സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ പഞ്ചായത്തിന്റെ രണ്ടാം നിലയിലെ ഒരു വശത്തുള്ള മുറിയിൽ ഗ്രാമപഞ്ചായത്തിൽ നേരത്തെ സ്ഥാപിച്ചിട്ടുള്ള സോളാർ പാനലിന്റെ പ്രവർത്തനക്ഷമമല്ലാത്ത ബാറ്ററി സൂക്ഷിച്ചു വച്ചിട്ടുള്ളതായി കണ്ടു. ആയത് നിരക്ക് നിശ്ചയിച്ച് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല .

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/19-8-25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ തുടർനടപടികൾ സ്വീകരിച്ച് പരിഹരിച്ച് അറിയിക്കേണ്ടതാണ്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതു വരെ 2024-25 വർഷത്തെ ചെലവ് തുകയായ 99,500/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-26 തനത് ഫണ്ട് ചെലവുകൾ -അപാകതകൾ.

ഗ്രാമപഞ്ചായതതിന്റെ 2024-25 വർഷത്തെ തനതു ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**1. ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്യുന്നു.**

വിവിധ ചെലവുകൾ തെറ്റായ ശീർഷകത്തിലാണ് പലപ്പോഴും ബുക്കു ചെയ്യുന്നത്. ഉദാഹരണമായി

(1) പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയത് Water Charges For KWA Street Taps (230110101) എന്ന ഹെഡിൽ മാത്രം ബുക്ക് ചെയ്യേണ്ടതിനു പകരം Water Charge Office (220110103) എന്ന ഹെഡിലും Water Charges -Transferred Institutions (220110104) എന്ന ഹെഡിലും കൂടിയാണ് പോസ്റ്റ് ചെയ്തിരിക്കുന്നത്.

**2. യഥാർത്ഥ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കല്ലാതെ തുക നൽകി**

വൗച്ചർ നം 2240016/5-4-24 പ്രകാരം കുന്ദമംഗലം ഹോമിയോ ഡിസ്പൻസറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ അറ്റന്ററായി ജോലി ചെയ്യുന്ന ശ്രീമതി അർച്ചന 2024 മാർച്ച് മാസം 26 ദിവസം ജോലി ചെയ്തതിന് ഒരു ദിവസം 675/- രൂപ നിരക്കിൽ 17,550/- രൂപ മെഡിക്കൽ ഓഫീസർ റികപസ്റ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഐ.എൽ.ജി.എം.എസ് ഫയൽ പ്രകാരം മാർച്ച് മാസത്തെ ശ്രീമതി അർച്ചനയുടെ മസ്റ്റർ റോൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. അവരുടെ അപേക്ഷ, കൈപ്പറ്റ് രശീതി എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിലെ മേൽ അപാകതകൾക്ക് (നം. 20/21-8-25)

മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ സംഭവിക്കാനിടയായ സാഹചര്യം വിശദീകരിക്കേണ്ടും അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുകയായ 17,550/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-27 റിജക്ടഡ് വേസ്റ്റ് കൈയ്യൊഴിയൽ - മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിക്കുന്നു.

തൻവർഷം റിജക്ടഡ് വേസ്റ്റ് കയറ്റി അയക്കുന്നതിനായി വി.ഇ.ഒ താഴെ കൊടുത്തിരിക്കുന്ന പ്രകാരം 11,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നമ്പർ/ പേര് | അടങ്കൽ തുക/ ഫണ്ടിനം | ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ, തിയതി |
|---|---|---|---|---|
| 1 | 164/25<br>എം.സി.എഫ് റിജക്ട് നീക്കം ചെയ്യൽ | 1500000 (1150000- സി.എഫ്.സി + 3,50,000 തനത് ഫണ്ട്) | 11,50,000 - സി.എഫ്.സി | 349/27-9-24 – 209296<br>411/26-11-24 – 314388<br>426/29-11-24 – 90020<br>660/21-2-25 – 380000<br>927/26-3-25 - 156296 |

24-7-2024ലെ 1/1 ഭരണ സമിതി തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മ സേന അംഗങ്ങൾ തരം തിരിക്കുന്ന എം.സി.എഫിലെ റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിന് നാചർ ഗാർഡ് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ്, പാലാഴി, കോഴിക്കോട് എന്ന സ്ഥാപനവുമായി 26-7-2024 -ന് കരാർ വച്ചിട്ടുണ്ട്. കരാർ പ്രകാരം റിജക്റ്റഡ് വെയ്സ്റ്റ് കയറ്റിയതിന്റെ ബില്ല് മേൽ സ്ഥാപനം നൽകുന്ന മുറയ്ക്ക് കിലോയ്ക്ക് 6.35/- രൂപ നിരക്കിൽ ഗ്രാമ പഞ്ചായത്ത് മേൽ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഇപ്രകാരം തുക ചെലവഴിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. മാലിന്യം കൈയ്യൊഴിയുന്നതിനായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ട നാചർ ഗാർഡ് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ്, പാലാഴി, കോഴിക്കോട് എന്ന സ്ഥാപനം 24-7-24 മുതൽ 30-3-25 വരെയുള്ള തീയതികളിലായി എം.സി.എഫിൽ നിന്നും 283870 കി.ഗ്രാം റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്തതിന്റെ പല തീയ്യതികളിലുള്ള ബില്ലുകൾ ഗ്രാമ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഇതിന് ആകെ നൽകേണ്ട 18,02,575/- രൂപയിൽ 10,59,980/- രൂപ നാചർ ഗാർഡിനും കഴിഞ്ഞ വർഷം റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്തയിനത്തിൽ വെസ്റ്റ് ഹില്ലിലുള്ള കോണാരീസ് അഡ്വാൻസ്ഡ് പോളിമേഴ്സിന് ബാക്കി നൽകാനുള്ള 90,020/- രൂപയും ഉൾപ്പെടെയാണ് 11,50,000/- രൂപ പഞ്ചായത്ത് തൻവർഷം ചെലവഴിച്ചിരിക്കുന്നത്. ഓരോ തവണയും സ്ഥാപനം ഹാജരാക്കുന്ന ബില്ലിന്റെ തുക നൽകുമ്പോൾ അതിന്റെ കൂടെ ഫയലിൽ ഹരിതകർമ്മസേനാ പ്രസിഡണ്ടിന്റെ/സെക്രട്ടറിയുടെ സാക്ഷ്യപത്രവും കൂടി വച്ചിട്ടുണ്ട്. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഗ്രാമ പഞ്ചായത്തിൽ മാലിന്യസംസ്കരണത്തിന്റെ ഭാഗമായി പ്രസ്തുത കാലയളവിൽ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച് സൂക്ഷിച്ചിട്ടുള്ള ബില്ലിൽ പറഞ്ഞിരിക്കുന്ന അത്രയും കി.ഗ്രാം റിജക്റ്റ് വേസ്റ്റ് നാചർ ഗാർഡ് എന്ന സ്ഥാപനം ഹരിതകർമ്മസേനാ പ്രസിഡണ്ട്/ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ നീക്കം ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട്. നാചർ ഗാർഡ് എന്ന സ്ഥാപനവുമായി വച്ച

കരാർ പ്രകാരം സ്ഥാപനം കയറ്റിക്കൊണ്ടു പോകുന്ന വസ്തുക്കളുടെ തൂക്കം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കരാറിൽ പറയും പ്രകാരം റിജക്റ്റഡ് വെയ്സ്റ്റ് നീക്കം ചെയ്യുന്ന സമയത്ത് തൂക്കവും മറ്റ് കാര്യങ്ങളും നിരീക്ഷിക്കുന്നതിനായി സെക്രട്ടറി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ആരാണെന്ന് ഫയൽ പ്രകാരം വ്യക്തമല്ല. അപ്രകാരം ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവും ഫയലിൽ ലഭ്യമല്ല. കൈയൊഴിഞ്ഞ മാലിന്യത്തിന്റെ മൊത്തം തൂക്കം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭ്യമാക്കാതെ ഹരിതകർമ്മസേനാ പ്രസിഡണ്ടിന്റെ / സെക്രട്ടറിയുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്.

2. വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന റിജക്റ്റ് മാലിന്യങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കി അതിൽ നിന്നും അവ കയറ്റി അയക്കുന്നതിനുള്ള ചെലവു വഹിക്കുന്നതിനു പകരം റിജക്ട് മാലിന്യങ്ങൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് കൈയ്യൊഴിയുന്നത് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് എതിരാണ്. 2023-24 വർഷം റിജക്ട് കയ്യൊഴിയുന്നതിനായി 17,86,680/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2025-26 വർഷവും തനതു ഫണ്ടുപയോഗിച്ച് 387/26 പ്രോജക്ട് പ്രകാരം ഇതുവരെ 7,50,000/- രൂപ റിജക്ട് വേസ്റ്റ് നീക്കം ചെയ്യുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. 7-09-2020 ലെ ഡി.സി1/282/2020/ത.സ്വ.ഭ.വ/നം. സർക്കുലർ പ്രകാരം അജൈവ പാഴ് വസ്തുക്കളുടെ ശേഖരണം സംബന്ധിച്ച കലണ്ടർ സർക്കാർ പുറപ്പെടുവിക്കുകയും കൂടാതെ സ.ഉ(സാധാ) നം.628/2023/LSGD തീയതി, 16-03-2023 പ്രകാരം ഇത് പുതുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസ ഫീസ് പിരിക്കുന്നതിനൊപ്പം വേർതിരിച്ച, പുനരുപയോഗ സാധ്യമായ മാലിന്യങ്ങൾ സ്വീകരിക്കേണ്ട ഹരിതകർമ്മസേന ഇതേ ഫീസിൽ ഉൾപ്പെടുത്തി കലണ്ടർ പ്രകാരമുള്ള റിജക്ട് മാലിന്യവും ശേഖരിക്കുകയും റിജക്ട് മാലിന്യം കയറ്റി

അയക്കേണ്ട ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കുകയും ആണ് ചെയ്യുന്നത്. പൊതു സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന വേസ്റ്റും ലെഗസി വെയിസ്റ്റും ഉൾപ്പെടുന്ന റിജക്ട് വേസ്റ്റിന് മാത്രമേ ഗ്രാമപഞ്ചായത്ത് തുക ചെലവഴിക്കേണ്ടതുള്ളൂ. റിജക്ട് വേസ്റ്റിന് വേസ്റ്റ് സൃഷ്ടിക്കുന്ന വീട്ടുകാരിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും തന്നെ അവർ സൃഷ്ടിക്കുന്ന വേസ്റ്റിന് കി.ഗ്രാം കണക്കിൽ തുക ഈടാക്കി ആയത് ശേഖരിക്കേണ്ടതും പ്രസ്തുത തുക റിജക്ട് വേസ്റ്റ് കയറ്റി അയക്കുന്നതിന് വേണ്ടി ഉപയോഗിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട പണം ഇപ്രകാരം റിജക്ടഡ് വേസ്റ്റ് കൈയ്യൊഴിയുന്നതിന് ഉപയോഗിക്കുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് വിരുദ്ധമാണ്. ഇതു സംബന്ധിച്ച് 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-23 ൽ വിശദമായി പ്രതിപാദിക്കുകയും ആയതിന് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചു കാണുന്നില്ല.

3. ഇതുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന സെക്രട്ടറിയുമായി സംസാരിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ അവർ അറിയിച്ചിട്ടുണ്ട്.

നിലവിൽ മുൻകൂട്ടി തയ്യാറാക്കിയ കലണ്ടറിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങൾ മാലിന്യശേഖരണം നടത്തി വരുന്നുണ്ട്. വീടുകളിൽ നിന്ന് ചാക്കൊന്നിന് 50/- രൂപയും കടകളിൽ നിന്ന് 100/- രൂപയുമാണ് ഈടാക്കി വരുന്ന യൂസർ ഫീ. വീടുകളിൽ നിന്നും മാസം തോറും ശേഖരിക്കുന്ന വേസ്റ്റ് റിജക്ട് വേസ്റ്റും പുനരുപയോഗ സാധ്യമായ മാലിന്യവും കലർന്നതാണ്. ആയത് മുഴുവൻ എം.സി.എഫിൽ നിന്നും തരം തിരിച്ചതിന് ശേഷം റിജക്ട് മാലിന്യം കയറ്റി അയക്കുകയാണ് ചെയ്യുന്നത്. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നില്ല. എം.സി.എഫിൽ വച്ച് വേർതിരിവ് നടത്തുകയും, പുനരുപയോഗ്യമായ മാലിന്യങ്ങൾ സേന നേരിട്ട് വിറ്റ്

കയ്യൊഴിയുകയും, ശേഷിക്കുന്നവ മാലിന്യ നീക്ക ഏജൻസിക്ക് നൽകുകയുമാണ് ചെയ്യുന്നത്. ഓരോ മാസവും വീടുകളിൽ നിന്നും ശേഖരിക്കുന്ന ഈ മാലിന്യത്തിന് യൂസർ ഫീ മാത്രമാണ് ഈടാക്കുന്നത്. കൂടാതെ വർഷത്തിൽ ഒരു തവണ എല്ലാ വീടുകളിൽ നിന്നും ചെരുപ്പ്, ബാഗ്, തുണികൾ, കുപ്പിച്ചില്ല് തുടങ്ങിയ റിജക്ട് വേസ്റ്റ് ശേഖരിക്കുന്നുണ്ട്. ആയതിനും യൂസർഫീ മാത്രമാണ് ഈടാക്കുന്നത്. കൂടുതൽ ചാക്ക് ഉണ്ടെങ്കിൽ ചാക്ക് ഒന്നിന് 50/- രൂപ നിരക്കിൽ അധികമായി ഈടാക്കും. വീടുകളിൽ നിന്നും ലഭിക്കുന്നതും തരം തിരിക്കുന്നതുമായ മാലിന്യം തൂക്കി നോക്കാൻ നിലവിൽ ഹരിതകർമ്മസേനയ്ക്ക് ചെറിയ രീതിയിലുള്ള വെയിംഗ് മെഷീൻ പോലുള്ള ഉപകരണങ്ങൾ ലഭ്യമല്ല. വർഷങ്ങൾക്ക് മുമ്പ് വാങ്ങി നൽകിയ വെയിങ്ങ് മെഷീൻ തുരുമ്പിച്ച അവസ്ഥയിലാണുള്ളത്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/24-25, തീയതി- 21-8-25) മറുപടി ലഭ്യമാക്കിയിട്ടില്ല

ഹരിതകർമ്മസേനയെ ശാക്തീകരിക്കുന്നതിലും മാലിന്യം കൈകാര്യം ചെയ്യുന്നതിലും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതും സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട പണം ഇപ്രകാരം റിജക്ഡ് വേസ്റ്റ് കൈയ്യൊഴിയുന്നതിന് ഉപയോഗിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. സർക്കാർ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും പ്രകാരം ഹരിതകർമ്മസേനയെ ഗ്രാമപഞ്ചായത്ത് അതിന്റെ യഥാർത്ഥ ഉദ്ദേശം സാക്ഷാത്കരിക്കുന്ന രീതിയിലേക്ക് ഇതുവരെ പ്രാപ്തരാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിലേക്ക് വിവിധ സ്റ്റാന്റിങ്

കമ്മിറ്റികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതും സ്വീകരിച്ച പരിഹാരമാർഗ്ഗങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-28 തോടുകളുടെ സംരംക്ഷണ പ്രവൃത്തികൾ . അപാകത സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷം തോടുകളുടെ സംരക്ഷണത്തിനായി താഴെ കൊടുത്ത പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിക്കുകയും ചുവടെ ചേർക്കും പ്രകാരം തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 292/24-25. ജലസ്രോതസ്സുകൾ കെട്ടിസംരംക്ഷിക്കൽ (So) . തണ്ടോാററോഡ്. File No .110123 | 7,87,015 | 7,40,754 |
| 2 | 213/24-25 .ജലസ്രോതസ്സുകൾ കെട്ടിസംരംക്ഷിക്കൽ (So) . File No.70388 | 10,23,024 | 8,26,535 |
| 3 | 86/24-25. ജലസ്രേതസ്സ് കെട്ടി സംരക്ഷിക്കൽ File No, 56670 | 18,98,250 | 9,23,546 |

മേല്പറഞ്ഞതിൽ രണ്ടെണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളുണ്. തോടുകളുടെ വശങ്ങൾ കെട്ടി സംരക്ഷിച്ച് വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് സാധ്യമാക്കുകയാണ് ഈ പ്രൊജക്ടുകൾ കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. പ്രൊജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ

വശങ്ങൾ കരിങ്കൽ കെട്ടായതിനാൽ DR പേക്കിംഗ്, DR മേസൺറി, കോൺക്രീറ്റ് ബെൽറ്റിനായുള്ള കോൺക്രീറ്റിംഗ് തുടങ്ങിയ ഇനങ്ങളാണ് പ്രധാനമായും ഉപയോഗിച്ചതെന്ന് വ്യക്തമാകുന്നു. പ്രൊജക്റ്റുകളുടെ ആവശ്യകത, രൂപീകരണം, നിർവ്വഹണം എന്നിവ പരിശോധിക്കുമ്പോൾ താഴെ കൊടുത്ത വസ്തുതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബേസിക്, ടൈഡ് എന്നീ ഇനങ്ങളിലാണ് സി.എഫ്.സി ഗ്രാന്റ് സ്ഥാപനത്തിന് ലഭിക്കുന്നത്. ബേസിക് ഗ്രാന്റ്, വികസനഫണ്ട് ചെലവഴിക്കുന്ന എല്ലാ കാര്യങ്ങൾക്കും വിനിയോഗിക്കാമെങ്കിലും ടൈഡ് ഗ്രാന്റ് ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലും ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും മാത്രമാണ് വിനിയോഗിക്കാനാവുക. ലഭിക്കുന്ന ടൈഡ് ഫണ്ടിന്റെ അമ്പതു ശതമാനം വീതം ഈ രണ്ട് മേഖലയിലും വിനിയോഗിക്കേണ്ടതും ഇതിൽ ഒരു വിഭാഗത്തിന്റെ ലക്ഷ്യം സമ്പൂർണ്ണമായാൽ ആ വിഭാഗത്തിലെ വിഹിതം മറ്റേ വിഭാഗത്തിന് വിനിയോഗിക്കാവുന്നതുമാണെന്ന് ഫണ്ട് വിനിയോഗ മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്. സ്ഥാപനത്തിൽ ഈ രണ്ട് വിഭാഗത്തിലുമായി തുല്യമായി തുക വകയിരുത്തി പ്രൊജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

എന്നാൽ ടൈഡ് ഫണ്ട് വകയിരുത്തി ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ മേൽ പ്രൊജക്റ്റുകൾ ഇക്കാര്യത്തിൽ സർക്കാർ നല്കിയ നിർദ്ദേശങ്ങൾ പാലിക്കാതെയും വിഭവങ്ങളുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്താത്തതുമാണെന്ന് ബോധ്യപ്പെടുന്നു. 19.4.2022 തീയതിയിൽ സർക്കാർ പുറപ്പെടുവിച്ച 84/2022/Lsgd നമ്പർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ജലസംരക്ഷണ സാങ്കേതിക സമിതി തയ്യാറാക്കിയ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്ലാനിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ മുൻഗണനാക്രമവും പ്രവൃത്തികളുടെ സ്വഭാവവുമനുസരിച്ച്, സംയോജിപ്പിക്കേണ്ട വകുപ്പുകളേയും

വിഭവ സ്രോതസ്സുകളേയും ഉൾപ്പെടുത്തി ഒരു കൺവർജൻസ് പ്ലാൻ തയ്യാറാക്കണം. ഇപ്രകാരം രൂപം നൽകുന്ന കൺവർജൻസ് പ്ലാൻ ആധാരമാക്കി വേണം എൻ.ആർ.ഇ.ജി.എസ് വാർഷിക കർമ്മ പദ്ധതി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കേണ്ടത്.

ആസൂത്രണ മാർഗ്ഗരേഖ പ്രകാരം താഴെ കൊടുത്ത കാര്യങ്ങൾ ജലസംരക്ഷണ പ്രവർത്തനങ്ങളായി പ്രധാനമായും ഏറ്റെടുക്കാവുന്നതാണ്.

എ) ജല സ്രോതസ്സുകളുടെ വിവരശേഖരണവും ഡാറ്റാ സൂക്ഷിക്കുന്ന പ്രവർത്തനങ്ങളും നടത്തുക

ബി) ഡാറ്റാ പ്രകാരമുള്ള ജല സ്രോതസ്സുകൾ കൈയ്യേറ്റം ചെയ്യുന്നില്ലെന്ന് ഉറപ്പു വരുത്തുക

സി) ജലസ്രോതസ്സുകൾ വീണ്ടെടുക്കൽ, വീണ്ടെടുത്തവയുടെ സംരക്ഷണവും ഉപയോഗവും ഉറപ്പുവരുത്തൽ

ഡി) നീർച്ചാലുകളുടെ പരിപാലനം, നീരൊഴുക്ക് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, നീർമറികൾ ഉൾപ്പെടെയുള്ള ജലസംരക്ഷണ പ്രവൃത്തികൾ

ഇ)ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തടയണ/റഗുലേറ്റർ ശൃംഖല പണിത് പുഴകളെ ജലസംഭരണികളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ

എഫ്) ജലസ്രോതസ്സുകളിൽ അമിതമായി അടിഞ്ഞു കൂടുന്ന എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ

ജി) "ഇനി ഞാൻ ഒഴുകട്ടെ" മാതൃകയിൽ സമയബന്ധിത കാമ്പയിനുകൾ സംഘടിപ്പിക്കൽ

എഫ്) ഐ.ടി മിഷന്റെ മാപ്പത്തോൺ ശക്തിപ്പെടുത്തി ജലസ്രോതസ്സുകളെ ജിയോ റഫറൻസ് ചെയ്യുന്ന പ്രവർത്തനം

മേല്പറഞ്ഞതിൽ ക്രമ നമ്പർ (ഡി) യിൽ പരാമർശിച്ച, നീരൊഴുക്ക് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനം എന്ന തരത്തിലാണ് ഗ്രാമപഞ്ചായത്തിൽ പ്രൊജക്ടുകൾ ആവിഷ്കരിച്ചതെന്ന് കാണാം. ടൈഡ് ഫണ്ടിൽ നിന്നും വകയിരുത്തിയ മുഴുവൻ തുകയും ഇക്കാര്യത്തിന് മാത്രമാണെന്നും കാണാം. ഇടപെടൽ നടത്തേണ്ട വിശാലമായ പ്രവർത്തനമേഖലയുണ്ടായിരിക്കെ, ലഭിക്കുന്ന ഫണ്ട്, നിർദ്ദേശങ്ങൾക്കുള്ളിൽ നിന്നു കൊണ്ട് എളുപ്പത്തിൽ ചെലവഴിക്കുകയെന്ന ഉദ്ദേശ്യത്തിലാണ് പ്രൊജക്ടുകൾ തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു. കൂടാതെ ഇക്കാര്യത്തിന് അവലംബിച്ച രീതി പരിസ്ഥിതി സൗഹൃദമല്ലാത്തതും ചെലവേറിയതും, തോടുകളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് പ്രതികൂലമായതുമാണെന്ന് കാണാം. കയർ കൊണ്ടുള്ള ഭൂവസ്ത്രം ഉൾപ്പെടെയുള്ള പ്രകൃതി സൗഹൃദവും ചെലവു കുറഞ്ഞതുമായ മാർഗ്ഗങ്ങൾ ഉണ്ടായിരിക്കെയാണ് പരിമിത വിഭവങ്ങളായ ധനസ്രോതസ്സും നിർമ്മാണവസ്തുക്കളും (കരിങ്കൽ) നിർലോഭമായി പ്രൊജക്ടുകൾക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. കരിങ്കൽ കെട്ട് അത്യാവശ്യമായ ഇടങ്ങളിൽ ഉപയോഗപ്പെടുത്താമെങ്കിലും ഈ പ്രൊജക്ടുകളിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നതിന് കാരണങ്ങൾ വ്യക്തമാക്കിയിട്ടില്ല. പ്രകൃതി വിഭവങ്ങളുടെ പരിമിതവും വിവേകപൂർണ്ണവുമായ വിനിയോഗം സുസ്ഥിരതയുടെ ആണിക്കല്ലാണ് എന്നിരിക്കെ ഇവയെ നിർലോഭം വിനിയോഗിച്ച് പരിമിതമായ ധനസ്രോതസ്സ് വിനിയോഗിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ടൈഡ് ഫണ്ട് വിനിയോഗിച്ചുള്ള ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വന്ന അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട്

നൽകിയ അന്വേഷണക്കുറിപ്പിന് (നം 8/19.8.25) മറുപടി ലഭ്യമല്ല. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്

## 1-29 പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

24-25 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ നിശ്ചിതകാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നു കാണുന്നു. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| പ്രോജക്ട് | ഓഡിറ്റ് വർഷത്തെ ചെലവ് | കരാറുകാരൻ, എഗ്രി. നമ്പർ, തിയ്യതി, M .Book | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി | ഈടാക്കേണ്ട പിഴ |
| --- | --- | --- | --- | --- |

| | | | | |
|---|---|---|---|---|
| | | | പൂർത്തിയാക്കിയ തിയ്യതി | |
| 379/24-25. പൊതുകുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണി | 330290 ബിൽനം. 238/10.7.24 | ബിജു.എം.ടി AE/L.S.G.D./ K.G.M/ 01/22-23/ 2.4.22 M Book. 193/21-22, 309/21-22, 205/ 21-22 | 9 Months. 3.4.22 24.9.23 | 426189 യുടെ 3% 12786 |
| ആകെ | | | | 12,786 |

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഫയലിൽ കരാറുകാരൻ അപേക്ഷിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ്

പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണസമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം 18/19.8.25) മറുപടി ലഭ്യമല്ല. പിഴ ഈടാക്കി അറിയിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 റോഡ് പ്രവൃത്തി പദ്ധതി - നിർവഹണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹിച്ചിരിക്കുന്നത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ലെന്ന് കാണുന്നു. രണ്ട് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | ചെലവു തുക |
|---|---|---|
| 1 | 319/24-25 തെരേങ്ങൽ റോഡ് (So) File N0. 105175 | 3,00,000 |
| 2 | 346/24-25 തോട്ടപ്പുറം കോരക്കണ്ടി റോഡ് (SO) . File No. 71391 | 2,41,668 |

പഞ്ചായത്തിൽ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തിയ പേവിംഗ് ഇനം മിക്സഡ് സീൽ സർഫസ്(മാന്വൽ മീൻസ്) ആണ്. മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനമാണിത്. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 509 (Item Nomber 509) അടിസ്ഥാനപ്പെടുത്തിയാണ് ഇത് തയ്യാറാക്കിയതെന്ന് ഡാറ്റാബുക്കിൽ നിന്നും വ്യക്തമാകുന്നു. 20 Mm സെമി ഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പേവിംഗ് നിർമ്മിതി പ്രതിപാദിക്കുന്ന ഇനമാണിത്. MSS പോലെ തന്നെ ഇതിന്റെ സ്പ്രെഡ്ഡിംഗും (Material Spreading Or Laying) നിർവ്വഹിക്കേണ്ടത് മെക്കാനിക്കൽ പേവർ (Self Propelled Hydraulic Paving Machine) ഉപയോഗിച്ചാണെന്ന് ഇനം 509.5.4.3 വ്യക്തമാക്കുന്നു. എന്നാൽ റോഡിന്റെ നിർമ്മിതിയിൽ എവിടെയെങ്കിലും മെക്കാനിക്കൽ പേവർ

പ്രവർത്തിപ്പിക്കാൻ കഴിയാത്ത വിധം സ്ഥലപരമായ പരിമിതികളോ, ഇടുങ്ങിയ വീതിയോ (Narrow Width) ഉണ്ടെങ്കിൽ, അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ഉപയോഗിച്ച് സ്പ്രെഡ്ഡിംഗ് നടത്താമെന്ന് ഇതേ ഇനത്തിന്റെ അവസാന ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം ഉപയോഗപ്പെടുത്താനാണ് മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനം തയ്യാറാക്കിയതെന്ന് മേല്പറഞ്ഞ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു.

ഗ്രാമപഞ്ചായത്തിലെ ഫയലുകൾ പരിശോധിച്ചതിൽ റോഡുകൾ പൂർണ്ണമായും ബിറ്റുമിൻ പേവിംഗ് നടത്തിയിരിക്കുന്നത് ഈ ഇനം ഉപയോഗപ്പെടുത്തിയാണ്. ആവശ്യത്തിന് മെറ്റീരിയൽ ഇത്തരത്തിലുള്ള അശാസ്ത്രീയ നിർമ്മിതിയിൽ ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ റോഡിന്റെ ആയുസ്സിനെയും (Durability), നിമ്നോന്നതയുടെ (Undulations) ടോളറൻസ് (Tolerance) പരിമിതമാണെന്ന് ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ ഗുണമേന്മയേയും ഈ നിർമ്മിതി പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്.

ഈ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപയോഗപ്പെടുത്താതെ മിക്സഡ് സീൽ സർഫസിംഗ് മാനുവൽ രീതി അവലംബിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/19.8.25) നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ റോഡുകളും ഏകദേശം വീതികുറവുള്ള റോഡുകളാണെന്നും വീതികുറവും സ്ഥലപരിമിതിയും ഉള്ളതിനാലാണ് മാനുവൽ രീതി ഉപയോഗിച്ചിരിക്കുന്നത് എന്നറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-31 മാർഗ്ഗരേഖ ലംഘിച്ച് സ്കോളർഷിപ്പ് നൽകി- 20000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

പ്രൊജക്റ്റ് നം. 157/2025 , എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നിർവ്വഹണം . അസിസ്റ്റന്റ സെക്രട്ടറി

അടങ്കൽ - 8,60,000/- [ വികസന ഫണ്ട്, എസ് സി പി]

| ബിൽ സാങ്ഷൻ നം. | തുക |
|---|---|
| 880/24-03-25 | 1,00,000 |
| 922/26-03-25 | 80,000 |
| 796/15-03-25 | 1,85,000 |
| 661/21-02-25 | 2,00,000 |
| 604/30-01-25 | 1,50,000 |
| 496/17-12-24 | 1,45,000 |
| ആകെ ചെലവ് | 8,60,000 |

അസിസ്റ്റന്റ സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിന്റെ ബിൽ, വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതൾ താഴെ കൊടുക്കുന്നു

1. അയന വിജയൻ എന്ന MBBS വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് അനുവദിച്ചത് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അല്ല.

2. ആര്യ.പി എന്ന ഹൈദരാബാദ് സർവ്വകലാശാല ഗവേഷക വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് അനുവദിച്ചത് സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റിന് പകരം വകുപ്പ് മേധാവിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആണ്

3 . അശ്വനി കെ [D/O ഷാജി കെ ] എന്ന വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് ഇനത്തിൽ 15000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി വിദ്യാർത്ഥിനി, ഫാഷൻ ടെക് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ചെയ്ത ഫാഷൻ ഡിസൈനിങ്ങ് ആന്റ ഗാർമെന്റ് ടെക്നോളജി കോഴ്സ് SSLC കഴിഞ്ഞ് ജോയിൻ ചെയ്യുന്ന കോഴ്സാണ്. പ്രസ്തുത കോഴ്സിന് സർക്കാർ അംഗീകാരം ഉണ്ടെങ്കിലും ഇത് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പ്ളസ് ടു വിന് ശേഷമുള്ള കോഴ്സ് അല്ലാത്തതിനാൽ പഠിതാവിന് സ്കോളർഷിപ്പിന് അർഹതയില്ല.

4. അനഘ കെ എന്ന വിദ്യാർത്ഥിനി KMCT നഴ്സിങ്ങ് കോളജിൽ നിന്നും പഠിച്ച ജനറൽ നഴ്സിങ്ങ് കോഴ്സ് ബിരുദ കോഴ്സ് അല്ല അതിനാൽ സബ്സിഡി മാർഗരേഖ [7.2.4] പ്രകാരം 15,000/- രൂപ സ്കോളർഷിപ്പിന് മാത്രമെ അർഹതയുള്ളു. ടിയാൾക്ക് 20,000/- രൂപ അനുവദിച്ചിട്ടുണ്ട്.

5. താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചെങ്കിലും അപേക്ഷ ഫയലിൽ കാണുന്നില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

{1} അശ്വനി കൃഷ്ണ

{2}മീരാ ദേവി

{3} അജ്ജുന ടി

{4}ജഗിന

{5} ഗംഗ

മേൽ അപാകതൾക്ക് വിശദീകരണവും, രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/24-25 തിയ്യതി 13-08-25) 14-8-25 ൽ അസിസ്റ്റന്റ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ

സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രങ്ങളും അപേക്ഷകളും വാങ്ങി സൂക്ഷിക്കുന്നതാണെന്നും, അനർഹമായും, അധികമായും നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 20,000/- (15000+5000) രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-32 BSNL ടെലഫോൺ ചാർജ്- ലേറ്റ് ഫീ അംഗീകരിക്കുന്നില്ല.

പ്രൊജറ്റ് നം. 59/25, കുന്ദമംഗലം ആരോഗ്യ കേന്ദ്രത്തിലെ കണ്ടിജന്റ് ചെലവുകൾ.

അടങ്കൽ - 3,60,000/- ( മെയിന്റനൻസ് ഫണ്ട് , റോഡിതരം )

ചെലവ് തുക – 2,39,017/-

നിർവ്വഹണം – മെഡിക്കൽ ഓഫീസർ

ബിൽ സാങ്ഷൻ നം.

1. 302/ 02-09-2024 Rs.78466

2.864/ 22-03-2025 Rs. 13486

3.863/22-03-2025 Rs. 9240

4. 690/05-03-2025 Rs. 137825

മെഡിക്കൽ ഓഫീസർ നിവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റിന്റെ വൗച്ചറുകൾ പരിശോധിച്ചപ്പോൾ തനത് വർഷം BSNL ടെലഫോൺ ചാർജിനത്തിൽ ബിൽ അടച്ചതിൽ ഒന്നിലധികം തവണ ഫൈൻ ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| Sl.No | Invoice No. Date | Net Pay | Fine | Total |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | SDCKL009048405/ 3-5-24 | 1511.47 | 25.53 | 1537 |
| 2 | SDCKL0090485966/ 3-5-24 | 744.43 | 12.57 | 757 |
| 3 | SDCKL0091380225/ 3-6-24 | 1511.56 | 25.44 | 1537 |
| 4 | SDCKL0091381513/ 3-6-24 | 744.53 | 12.53 | 757 |
| 5 | SDCKL0092159/ 1/7/24 | 1511.56 | 25.44 | 1537 |
| 6 | SDCKL0092160025/1-7-24 | 744.47 | 12.53 | 757 |
| | | Total Fine | 114.04 | |

ടെലഫോൺ ബില്ലുകൾ യഥാസമയം അടക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഫൈൻ ഇനത്തിൽ അടച്ച 114.04/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/24-25 തിയ്യതി 21-08-25) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-33 മൂടാടി പഞ്ചായത്തിന്റെ വി. ഐ ഇന്റെർനെറ്റ് ബിൽ കുന്ദമംഗലം പഞ്ചായത്ത് തെറ്റായി അടച്ചു</u>

പ്രൊജകട് നം. 56/25, ഇ ഹെൽത്ത് പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ചെലവുകൾ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

അടങ്കൽ - 2,40,000/- (വികസന ഫണ്ട് പൊതു വിഭാഗം 2,29,200/-,
തനത് ഫണ്ട് 10,800/- )

ചെലവ് തുക – 2,10,030/-

ബിൽ സാങ്ങ്ഷൻ നം –
1. 822/ 20-03-2025 Rs.11,770/-
2. 579/22.01.2025 Rs.11,770/-
3. 589/24.01.2025 Rs.10,800/-
4. 758/12.03.2025 Rs.9,600/-
5. 730/07.03.2025 Rs.1,250/-
6. 728/07.03.2025 Rs.11,770/-
7. 916/26.03.2025 Rs.10,800/-
8. 438/11.12.2024 Rs.64,470/-
9. 434/11.12.2024 Rs.43200/-
10. 578/22.01.2025 Rs.1,300/-
11. 723/07.03.2025 Rs.10,800/-
12. 783/14.03.2025 Rs.11,700/-
13. 522/22.12.2024 Rs.10,800/-

മെഡിക്കൽ ഓഫീസർ നിവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റിന്റെ വൗച്ചറുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകത താഴെ കൊടുക്കുന്നു.

1. മേൽ പ്രോജക്റ്റ് പ്രകാരം വി ഐ മൊബൈൽ കമ്പനിയുടെ ഇൻവോയ്സ് നം ELKL12240093388 തിയ്യതി 01-01-2025 പ്രകാരം മൂടാടി പഞ്ചായത്തിന് ബാധകമായ 01-10-2024 മുതൽ 31-12-2024 വരെയുള്ള കാലയളവിലെ ഇന്റർനെറ്റ് ഫീസ് കുന്ദമംഗലം പഞ്ചായത്തിൽ നിന്നും അടച്ചതായി കാണുന്നു. മേൽ കാലയളവിലെ കുന്ദമംഗലം പഞ്ചായത്തിലെ ഫീസ് എവിടെയാണ് അടച്ചത് എന്നത് സംബന്ധിച്ച് വ്യക്തതയുമില്ല. മറ്റൊരു പഞ്ചായത്തിന് ബാധകമായ ഫീസ് പരിശോധനയില്ലാതെ കുന്ദമംഗലം പഞ്ചായത്ത് അടച്ചതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/24-25 തിയ്യതി 21-08-25) 21-08-25 ൽ മെഡിക്കൽ ഓഫീസർ 1-7-2024 മുതൽ 30-9-2024 വരെയുള്ള കാലയളവിലെ ബില്ലാണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. മറുപടി തൃപ്തികരമല്ല. അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വ്യക്തത വരുത്തി അറിയിക്കേണ്ടതുമാണ്.

## 1-34 പ്രൊജക്ടുകൾ പ്രകാരം തുക കൈമാറി - കെ.എം.എസ്.സി എല്ലിൽ നിന്നും മരുന്ന് ലഭ്യമായില്ല.

എച്ച്.എം.സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം നടപ്പിലാക്കിയ താഴെ കൊടുക്കുന്ന പ്രൊജക്ടുകൾ പ്രകാരം കുന്ദമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിലെ രോഗികൾക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് പ്രകാരം കെ.എം.എസ്.സി.എൽ -ന് തുക കൈമാറിയെങ്കിലും മരുന്നുകൾ നാളിതുവരെ ലഭ്യമായില്ല.

| ക്രമ നം | പ്രൊജക്ട് നം/ പേര് | കൈമാറിയ തുക | ബിൽ സാങ്ഷൻ നമ്പർ | ഓഡിറ്റ് തിയ്യതി വരെ ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 1 | 54/25 കുന്ദമംഗലം കുടുംബാരോഗ്യ | 1,90,742 | 367/19-10-24 | ഇല്ല | 1,90,742 |

| | | | | | |
|---|---|---|---|---|---|
| | കേന്ദ്രത്തിൽ മരുന്ന് വാങ്ങൽ | | | | |
| 2 | -ടി- | 19,871 | 520/22-12-24 | ഇല്ല | 19,871 |
| 3 | -ടി- | 2,19,548 | 885/24-03-25 | ഇല്ല | 2,19,548 |
| 4 | -ടി- | 1,38,418 | 677/03-03-25 | ഇല്ല | 1,38,418 |
| 5 | 62/25 , ജീവതാളം | 17,382 | 743/08-03-25 | ഇല്ല | 17,382 |
| 6 | 58/25 , പാലിയേറ്റീവ് പ്രൊജക്ട് | 1,48,378 | 219/02-07-24 | ഇല്ല | 1,48,378 |
| 7 | -ടി- | 1,30,458 | 511/20-12-24 | ഇല്ല | 1,30,458 |

| | | | | | |
|---|---|---|---|---|---|
| 8 | -ടി- | 2,71,085 | 729/07-03-25 | ഇല്ല | 2,71,085 |
| | | | | ആകെ | 11,35,882 |

11,35,882/- രൂപയുടെ മരുന്നുകൾ കെ.എം.എസ്.സി.എൽ -ൽ നിന്നും ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 27/24-25 തിയ്യതി 21-8-25) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതുവരെ 11,35,882/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-35 ജലജീവൻ മിഷൻ

ഇന്ത്യയിലെ എല്ലാ വീടുകളിലും വ്യക്തിഗത ഫങ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTCs) വഴി സുരക്ഷിതമായതും ആവശ്യത്തിനുമുള്ള കുടിവെള്ളം എത്തിക്കുക എന്നതാണ് ജൽ ജീവൻ മിഷൻ (JJM) വിഭാവനം ചെയ്തിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ SHREYAS എന്ന നിർവഹണ സഹായ ഏജൻസിയാണ് പദ്ധതി നടത്തിപ്പിനായി പ്രവർത്തിക്കുന്നത് എന്ന് കാണുന്നു. എന്നാൽ ഈ ഏജൻസിയുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടതിന്റെ വിവരങ്ങൾ ലഭ്യമല്ല .

കേരള വാട്ടർ അതോറിറ്റി Site പ്രകാരം ആകെ 11325 റൂറൽ ഹൗസ് ഹോൾഡിലുള്ളതായും നിലവിൽ 10420 F.H.T.C കണക്ഷൻ നൽകിയതായും ബാലൻസായി 905 കണക്ഷൻ നൽകാൻ ഉള്ളതായും കാണിക്കുന്നു. ജൽജീവൻ മിഷൻ സൈറ്റ് പ്രകാരം ഗ്രീൻ സ്റ്റാറ്റസ് ആണ് പഞ്ചായത്തിന് രേഖപ്പെടുത്തിയിട്ടുള്ളത്.

2024-25 വാർഷികകണക്ക്, ബാങ്ക് പാസ്സ്ബുക്ക് എന്നിവ പ്രകാരം കേരള ഗ്രാമീൺ

ബാങ്ക് ജലജിവൻ അക്കൗണ്ടിൽ (40291101057722) 2025 മാർച്ചിൽ 78,49,239/ രൂപ ബാലൻസ് കാണിക്കുന്നുണ്ട്. പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കാവശ്യമായ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പ്രൊജക്ടിന്റെ ഭാഗമായി 2020-2021 മുതൽ 2024-25 വരെയുള്ള കണക്കുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ മേൽ കാലയളവിൽ പഞ്ചായത്ത് ഫണ്ട് വകയിരുത്തുകയോ ഗുണഭോക്തൃ വിഹിതം പിരിക്കുകയോ ചെയ്തിട്ടില്ല എന്നു കാണുന്നു. പഞ്ചായത്തിന്റെ കീഴിലുള്ള ജൽജീവൻ മിഷന്റെ കണക്ഷനുകളെ കുറിച്ചുള്ള ഡാറ്റകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ട് തന്നെ ജൽജീവൻ പദ്ധതികളുടെ പുരോഗതി, ഫലപ്രാപ്തി എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-36 ഹെൽത്ത് ഗ്രാന്റ്-അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി 2021-22 സാമ്പത്തിക വർഷം മുതൽ ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചു വരുന്നു. ഹെൽത്ത് ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചുവടെ ചേർക്കുന്നു.

I) G.O(Rt) No. 2132/2022/LSGD Dated 31.08.2022

Ii) G.O(Rt) No. 2156/2022/LSGD Dated 01.09.2022

Iii) G.O(Rt) No. 3157/2022/LSGD Dated 21.12.2022 (Urban Local Bodies)

Iv) G.O(Rt) No. 1078/2022/LSGD Dated 20.05.2023 (Urban Local Bodies)

V) Circular No. FM3/138/2023/LSGD Dated 23.05.2023

Vi) G.O(Rt) No. 1625/2023/LSGD Dated 09.08.2023

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

<u>സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം</u>

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

<u>സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം</u>

ബ്ലോക്ക് കുടുബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ

<u>സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ</u>

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സാഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

<u>സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.</u>

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

<u>സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.</u>

മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ പരിശീലനവും ഉൾപ്പെടുന്നു.

<u>സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.</u>

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളി ക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

കുന്ദമംഗലം ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെയും, അതിൽ നിന്നുള്ള ചെലവിനെയും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. (2021-22, 2022-23, 2023-24, 2024-25 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകൾ, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ, ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റുകൾ എന്നിവയുടെ പരിശോധനയിൽ ലഭ്യമായ കണക്കുകൾ).

<u>സ്കീം -1 :</u> Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs

<u>സ്കീം - 3 :</u> Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs

<u>സ്കീം - 4 :</u> Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres.

| വർഷം | ഇനം | ലഭ്യമായ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം | ബാക്കി |
|---|---|---|---|---|---|
| 2021-22 | സ്കീം -1 | ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല | - | - |
| | സ്കീം - 3 | 2,64,733 | 2,64,084 | - | 649 |
| | സ്കീം-4 | 1,35,000 | 1,34,979 | - | 21 |
| 2022-23 | സ്കീം -1 | 27,75,000 | 25,98,455 | - | 1,76,545 |

| | | | | | |
|---|---|---|---|---|---|
| | സ്കീം - 3 | 14,63,000 | 12,02,756 | | 2,60,244 |
| | സ്കീം - 4 | 5,79,000 | 5,24,978 | | 54,022 |
| 2023-24 | സ്കീം -1 | ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല | - | - |
| | സ്കീം - 3 | 6,11,000 | 1,728 | | 6,09,272 |
| | സ്കീം-4 | 9,22,000 | 0 | | 9,22,000 |
| 2024-25 | സ്കീം -1 | ലഭ്യമായിട്ടില്ല | 0 | - | 0 |
| | സ്കീം - 3 | ലഭ്യമായിട്ടില്ല | 0 | 0 | 0 |
| | സ്കീം-4 | ലഭ്യമായിട്ടില്ല | 0 | 0 | 0 |

ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നത്. ആയതിനാൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിലേക്ക് നീണ്ടുപോകുന്നു. യഥാസമയം ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യമുണ്ടായാൽ പദ്ധതികൾ യഥാവിധി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. PHC/CHC കളിൽ ലാബ് അടിസ്ഥാന സൗകാര്യ വിപുലീകരണതിനുള്ള മാനദണ്ഡങ്ങൾ കൂടി പുതിയതായി ഉൾപ്പെടുത്തുന്നത് ഉപകാരപ്രദമാവുന്നതാണ്.

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ആവശ്യകതയ്ക്കനുസരിച്ച് പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിന് ഇത് സഹായകമാകുന്നതാണ്. പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

## വാർഷിക ധനകാര്യ പത്രിക പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

| സ്കീം | ബാങ്ക് അക്കൗണ്ട് | 2024-25 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 3 | 631402010015031 | 9,27,850 |
| 1 | 631402010015030 | 2,76,355 |
| 4 | 631402010015029 | 9,97,148 |

## നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പ്രോജക്ടിന്റെ പേര് (പ്രോജക്ട് നമ്പർ ) | ചെലവ് തുക |
|---|---|---|
| 2021-22 | സാക്രമിക രോഗ നിർണ്ണയ കിറ്റ് വാങ്ങൽ (390) | 2,64,084 |
| | | |

| | | |
|---|---|---|
| | ആരോഗ്യ സ്ഥാപനങ്ങളിലെ സേവനങ്ങളുമായി ബന്ധപ്പെട്ട് ബോർഡുകൾ സ്ഥാപിക്കൽ (336) | 1,34,979 |
| 2022-23 | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗ നിർണ്ണയ സൗകര്യം എർപ്പെടുത്തൽ (406) | 9,42,171 |
| | കുടുംബാരോഗ്യ കേന്ദ്രത്തിലെ ലാബിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (407) | 2,60,585 |
| | പിലാശ്ശേരി സബ് സെന്ററർ കെട്ടിട നിർമ്മാണം (408) | 25,98,455 |
| | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്ററ വെൽനസ് പ്രവർത്തനങ്ങൾ (409) | 5,24,978 |
| 2023-24 | ലാബിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (490) | 1,728 |

സ്കീം 1 ഗ്രാന്റ് ഉപയോഗപ്പെടുത്തി പിലാശ്ശേരി സബ്സെന്ററർ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇനി ഇലക്ട്രിക്കൽ വർക്ക് പൂർത്തിയാക്കാനുണ്ട്. സബ്സെന്ററർ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്തി കൂടുതൽ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്. ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക സമയബന്ധിതമായി

ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാൽ തുടർന്നുള്ള വാർഷിക പദ്ധതിയിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാർഗ്ഗരേഖ ലംഘിച്ച് സ്കോളർഷിപ്പ് നൽകി- 20000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

പ്രൊജക്റ്റ് നം. - 157/2025 , എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
നിർവ്വഹണം – അസിസ്റ്റന്റ സെക്രട്ടറി
അടങ്കൽ - 8,60,000/- [ വികസന ഫണ്ട്, എസ് സി പി]
ബിൽ സാങ്ഷൻ നം, തുക
880/24-03-25 Rs 1,00,000/-

922/26-03-25 Rs 80,000/-

796/15-03-25 Rs 1,85,000/-

661/21-02-25 Rs 2,00,000/-

604/30-01-25 Rs 1,50,000/-

496/17-12-24 Rs 1,45,000/-

ആകെ ചെലവ് - 860000

അസിസ്റ്റന്റ സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിന്റെ ബിൽ, വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതൾ താഴെ കൊടുക്കുന്നു

1. അയന വിജയൻ എന്ന MBBS വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് അനുവദിച്ചത് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അല്ല.

2. ആര്യ പി എന്ന ഹൈദരാബാദ് സർവ്വകലാശാല ഗവേഷക വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് അനുവദിച്ചത് സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റിന് പകരം വകുപ്പ് മേധാവിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആണ്

3. അശ്വനി കെ [D/O ഷാജി കെ] എന്ന വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് ഇനത്തിൽ 15,000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി വിദ്യാർത്ഥിനി, ഫാഷൻ ടെക്

കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ചെയ്ത ഫാഷൻ ഡിസൈനിങ്ങ് ആന്റ ഗാർമെന്റ് ടെക്നോളജി കോഴ്സ് SSLC കഴിഞ്ഞ് ജോയിൻ ചെയ്യുന്ന കോഴ്സാണ്. പ്രസ്തുത കോഴ്സിന് സർക്കാർ അംഗീകാരം ഉണ്ടെങ്കിലും ഇത് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പ്ലസ് ടു വിന് ശേഷമുള്ള കോഴ്സ് അല്ലാത്തതിനാൽ പഠിതാവിന് സ്കോളർഷിപ്പിന് അർഹതയില്ല.

4. അനഘ കെ എന്ന വിദ്യാർത്ഥിനി KMCT നഴ്സിങ്ങ് കോളജിൽ നിന്നും പഠിച്ച ജനറൽ നഴ്സിങ്ങ് കോഴ്സ് ബിരുദ കോഴ്സ് അല്ല അതിനാൽ സബ്സിഡി മാർഗരേഖ [7.2.4] പ്രകാരം 15,000/- രൂപ സ്കോളർഷിപ്പിന് മാത്രമെ അർഹതയുള്ളു. ടിയാൾക്ക് 20,000/- രൂപ അനുവദിച്ചിട്ടുണ്ട്.

5. താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചെങ്കിലും അപേക്ഷ ഫയലിൽ കാണുന്നില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

{1} അശ്വനി കൃഷ്ണ

{2}മീരാ ദേവി

{3} അജ്ജുന ടി

{4}ജഗിന

{5} ഗംഗ

മേൽ അപാകതൾക്ക് വിശദീകരണവും, രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/24-25 തിയ്യതി 13-08-25) 14-8-25 ൽ അസിസ്റ്റന്റ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രങ്ങളും അപേക്ഷകളും വാങ്ങി സൂക്ഷിക്കുന്നതാണെന്നും, അനർഹമായും, അധികമായും നൽകിയ തുക തിരികെ

ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 20,000/- (15000+5000) രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

**2024-25 വർഷം** ഗ്രാമപഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും ഈടാക്കിയ മെഡിസെപ് പ്രീമിയം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

**1) മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 22 | 123000 | 123000 | ഇല്ല | |

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

**2) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.04.2024 മുതൽ 30.06.2024** നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ )

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല. | | | | | |

**3) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.07.2024 ൽ** സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല. | | | | |

**4) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.08.2024 മുതൽ 31.03.2025** നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)*** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല. | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| 2024-25 | 13.08.2025, 14.08.2025, 16.08.25 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

## 4-3 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 10,00,000 | ലൈഫ് ഭവന പദ്ധതി-ജനറൽ | 10,00,000 |
| | 2024-25 | 6,00,000 | ലൈഫ് ഭവന പദ്ധതി-പട്ടിക ജാതി | 6,00,000 |
| | 2024-25 | 40,000 | അതി ദരിദ്രർക്ക് ഭവന പുനരുദ്ധാരണം (സ്പിൽ ഓവർ) | 40,000 |
| | 2024-25 | 48,000 | സ്ഥിരം കൃഷി നെല്ല് | 48,000 |
| | 2024-25 | 13,44,670 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 13,44,670 |
| | 2024-25 | 1,97,624 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1,97,624 |
| | 2024-25 | 1,45,950 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | 1,45,950 |
| | 2024-25 | 58,993 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(സ്പിൽ ഓവർ) | 58,993 |
| | 2024-25 | 1,30,000 | കക്കോട്ടിരി പിലാശ്ശേരി റോഡ്-വാഴപറമ്പ് കമ്മാണ്ടി കടവ് റോഡ്- | 1,30,000 |

| | | | | |
|---|---|---|---|---|
| | | | മേച്ചിലേരി കണക്കൻ പുറത്ത് റോഡ്-നവീകരണം | |
| | 2024-25 | 50,000 | EPEP ലൈഫ്-ജനറൽ | 50,000 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 50,000 | EPEP ലൈഫ്-ജനറൽ | 50,000 |
| | 2024-25 | 56,000 | സ്ഥിരം കൃഷി നെല്ല് | 56,000 |
| | 2024-25 | 4,73,150 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 4,73,150 |
| | 2024-25 | 1,20,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1,20,000 |
| | 2024-25 | 1,00,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | 1,00,000 |
| | 2024-25 | 1,00,000 | അതി ദരിദ്രർക്ക് ഭവന പുനരുദ്ധാരണം | 1,00,000 |
| | 2024-25 | 60,000 | അതി ദരിദ്രർക്ക് ഭവന പുനരുദ്ധാരണം (സ്പിൽ ഓവർ) | 60,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | യുള്ള തുക |
| കെ.എസ്.ഇ.ബി | മുറിയനാൽ കൂടത്താലുമ്മൽ റോഡിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1832/24.03.2025 | 57,420 | 57,420 | - |
| | കയങ്ങോട്ട് ചാലിൽ വലിയ പറമ്പത്ത് ഫുട്ടാത്ത് നവീകരണം- ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 561/13.03.2025 | 47,110 | 47,110 | - |

## 4-6 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും, തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പാ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 1,72,04,977 | 67,54,402 | 2,39,59,379 | 19,20,494 | 2,20,38,885 |

## 4-7 സ്ഥിര നിക്ഷേപം

ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ, വാർഷിക ധനകാര്യപത്രികയിലെ ബി-12 ഷെഡ്യൂൾ എന്നിവ പ്രകാരം കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ നിക്ഷേപ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 23,45,101 |
| തൻവർഷം നിക്ഷേപിച്ച തുക | 50,434 (പലിശ) |
| ആകെ | 23,95,535 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 23,95,535 |

## സ്ഥിരനിക്ഷേപങ്ങൾ – ബാങ്കുകൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബ്ലാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | കെ.ഡി.സി.ബാങ്ക്, കുന്ദമംഗലം | 8,17,737 |
| 2 | കുന്ദമംഗലം അർബൻ കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 15,77,798 |
| | ആകെ | 23,95,535 |

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം/ തീയതി |
|---|---|---|---|---|
| 1998-99 | ഖണ്ഡിക – 43 | 3,692/- | രാധു എക്സ് – മെമ്പർ | 1240307602 Dtd 13-12-2024 |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | - | 2000-01 | 101 ബി, 78 | സ്വകാര്യ എഞ്ചിനീയറിംഗ് സ്ഥാപനത്തിന് പണം നൽകി | അധിക തുക ഗ്രാമ പഞ്ചായത്ത് സമിതി അംഗങ്ങളിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകാൻ ശുപാർശ |
| 2000-01 | 5 | 2003-04 | 11.6, 104 | ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് | പരാമർശം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | കോംപ്ലക്സ് നിർമ്മാണം | |
| 2002-03 | 2-1 | 2005-06 | 2.75.1, 82 | കമ്പ്യൂട്ടർ പരിശീലനം പാഴായി | രേഖകൾ ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന പക്ഷം ഒഴിവാക്കാൻ ശുപാർശ |
| 2002-03 | 2-14 | 2005-06 | 2.70.1.4.2 | ഭവന നിർമ്മാണം | ഓഡിറ്റിന് രേഖകൾ ഹാജരാക്കണമെന്ന ശുപാർശ |
| 2003-04 | 2-12 | 2006-07 പൊതു പരാമർശം | 3.79.16.2, 112 | സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | പരാമർശം തുടരുന്നു. |
| | 2-16 | | 3.79.16.3, 112 | -ടി- | -ടി- |
| | 2-25 | | 3.79.17.2, 114 | എസ്.ജി. ആർ.വൈ. പദ്ധതി പൂർത്തീകരിച്ചില്ല | -ടി- |
| | 2-20 | | 3.79.18.4, 116 | ജലസേചന ക്കിണർ പൂർത്തിയാക്കിയില്ല | -ടി- |
| | 2-28 | | 3.79.9.1, 107 | കുടുംബശ്രീയ്ക്ക് ധനസഹായം | -ടി- |
| 2001-02 | 3-7 | 2006-07 | 3.79.18.6, 116 | റോഡ് പരിഷ്കരണം പൂർത്തിയാക്കിയില്ല | -ടി- |

| | | | | | |
|---|---|---|---|---|---|
| | | പൊതു പരാമർശം | | | |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4, 188 | തൊഴിൽ നികുതി അപാകതകൾ | -ടി- |
| 2015-16 | 2-13 | | അനുബന്ധം 5, 211 | -ടി- | -ടി- |
| 2017-18 | 2-1 | 2018-19 | | തനത് ഫണ്ട് കമ്മി – അപാകതകൾ | -ടി- |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

### (ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഈയിനത്തിൽ തൻവർഷം തുക ലഭ്യമായിട്ടില്ല. ലഭ്യമാകാൻ അവശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 15 To 19, 20(1), 20(2) | ശ്രീമതി. കെ. ശോഭന റാണി, | LF22270/ Spl.Cell SC4/ 2000, | 44,621 | -- | -- | -- | -- | -- | 44,621 | -- |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സീ. സൂപ്രണ്ട് | Dt.28.11. 2002 | | | | | | | | |
| 2. | 1998-99 | 38,40, 43, | -ടി- | LF/2560/ Spl.Cell SC4/ 2002, 24.02.03 | 2,52,644 | - | - | - | - | - | 2,52,644 | - |
| | | | പി. പദ്മകുമാർ ജൂ.സൂപ്രണ്ട് | LF/3454/ Spl.Cell SC5/ 2003, 01.11.03 | 9,148 | - | - | - | - | - | 9,148 | - |
| 3 | 2015-16 | 3-3 | ശ്രീ. അബ്ദു നാസർ, സെക്രട്ടറി | KSA/ 2894/ Spl.Cell SC/D2/ 2018, Dt.7.1.19 | 71,665 | - | - | - | - | - | 71,665 | - |

## <u>4-11 ഓഡിറ്റ് പ്രത്യവലോകനം</u>

### (എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 18,52,62,019 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,74,06,918 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,52,932 |

### (ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 20,000 | ശ്രീ. സുഭാഷ് കെ, അസിസ്റ്റന്റ് സെക്രട്ടറി |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1,50,000 | ശ്രീമതി. ഇന്ദു എ, സെക്രട്ടറി |
| 1-25 | 99,500 | |
| 1-26 | 17,550 | |
| 1-22 | 50,000 | ശ്രീമതി.ഹരിത, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-34 | 11,35,882 | ശ്രീമതി.അർച്ചന, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| ആകെ | 14,52,932 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഇന്ദു എ, സെക്രട്ടറി | സെക്രട്ടറി, കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | പത്മാലയം, മൊകവൂർ, എരഞ്ഞിക്കൽ ഫോൺ-9645733836 |
| ഡോ. അർച്ചന, മെഡിക്കൽ ഓഫീസർ, (എഫ്.എച്ച്.സി) | മെഡിക്കൽ ഓഫീസർ, കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | വൈഷ്ണവം, പ്രയാഗ് റോഡ്, പരപ്പനങ്ങാടി, 676303 |
| ശ്രീമതി.ഹരിത, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | മൂനങ്ങൽ മീത്തൽ, കുറ്റിക്കാട്ടൂർ.പി.ഒ, കോഴിക്കോട്-8 |
| ശ്രീ. സുഭാഷ് കെ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | റോയൽ വില്ല, കുന്ദമംഗലം ഫോൺ-9847503112 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|

| | കത്തിടപാടിന്റെ വിവരം | |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി/ പി. 2/ 1472(3)/2021 Dtd. 24/09/2022 | 43 |
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി/ പി. 2/ 1472(4)/2021 Dtd. 24/09/2022 | 40, 41, 42 |
| 2000-01 (Plan) | കെ.എസ്.എ.കെ.കെ.ഡി/ പി.3/ 872/2010 Dtd. 30/04/2010 | 3, 5, 6, 7(1), 8, 9, 10, 11, 12, 13 |
| 2001-02 (Plan) | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 1863(1)/2021 Dtd. 24/09/2022 | 2-1, 3-1, 3-3, 3-6,3-7 |
| 2003-04 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 1863(2)/2021 Dtd. 24/09/2022 | 2-3, 2-9, 2-11, 2-12, 2-14, 2-16 2-20, 2-25, 2-27, 2-28, 2-26 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 99(1)/2022 Dtd. 25/09/2022 | 3-30, |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 572(1)/2022 Dtd. 25/09/2022 | 2-8, 3-1, 3-3, 3-43-5, 3-6, 3-7, 3-8, 3-14, 3-16, 3-19 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 572(2)/2022 Dtd. 25/09/2022 | 3-2, 3-3, 3-6, 3-7, 3-10 |
| 2010- 11 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 572(3)/2022 Dtd. 26/09/2022 | 3-1, 3-7(1) |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 1068(1)/2022 Dtd. 26/09/2022 | 3-4, 3-5, 3-6, 3-16, |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 1068(2)/2022 Dtd. 26/09/2022 | 2-5, 2-11, 3-3, 3-4, 3-6, 3-7, 3-10, 3-13, 3-14, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 1134(1)/2022 Dtd. 26/09/2022 | 2-2, 2-3,2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12,3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-26, |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 1134(2)/2022 Dtd. 24/09/2022 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-12, 2-13, 3-1, 3-3, 3-4, 3-5, 3-6, 3-8,3-10 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 1134(3)/2022 Dtd. 26/09/2022 | 2-3, 2-5, 2-7, 2-9, 2-11, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-12, 3-15, 3-17, 3-18, 2-2, 2-4, 2-10 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 1134(4)/2022 Dtd. 26/09/2022 | 2-1, 2-3, 2-4, 2-5, 2-8, 2-9, 2-10, 2-11, 2-13, 3-8, 3-9, 3-14, 3-16, 3-20, 3-23, 3-25, 3-29, 3-30, 3-31, 3-33 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 1134(5)/2022 Dtd. 26/09/2022 | 1-11(3, 7, 10, 12, 13), 1-14, 1-17, 1-18, 1-21, 1-22, 1-25, 1-26, 1-27, 1-28, 1-29, 1-31, 1-35, 3-1, |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 1934/2022 Dtd. 23/05/2023 | 1-2-1(5, 7, 8, 9, 10), 1-7, 1-8, 1-9, 1-10, 1-11, 1-12, 1-15, 1-16(3), 1-19, 1-20, 2-1, 3-1, 4-2, 4-3, 4-6, 4-11 |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 1934(1)/2022 Dtd. 12/07/2023 | 1-2-1(1, 2, 3, 4, 5, 6, 7, 8, 9, 10, 11), 1-7, 1-8, 1-10, 1-11, 1-12,1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21(1, 2), 1-22, 1-23, 1-24, 1-26, 1-27, 1-28, 1-29, 1-30, 2-1, 3-1, 4-2, 4-3, 4-6, 4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 267/2023 Dtd. 13/06/2023 | 1-1, 1-2(2, 3, 4, 5, 7, 8, 9, 10, 11), 1-4, 1-4-1, 1-4-2, 1-4-3, 1-4-4, 1-8, 1-9, 1-10, 1-12, 1-15, 1-16(1,2), 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 4-11 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 112/2024 Dtd. 06/05/2024 | 1-1, 1-1-1, 1-1-2, 1-1-3, 1-1-4, 1-1-5, 1-1-6, 1-1-7, 1-1-10, 1-1-11, 1-1-12, 1-1-13, 1-6, 1-8, 1-9, 1-10, 1-13, 1-14, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25 |
| 2023-24 | കെ.എസ്.എ.കെ.കെ.ഡി/ പി.2/ 287/2025 Dtd. 10/03/2025 | 1-1-5, 1-1-7, 1-1-8, 1-1-9, 1-1-10, 1-1-11, 1-1-13, 1-1-14, 1-1-15, 1-6, 1-8, 1-9, 1-10, 1-12, 1-15, 1-16, 1-18, 1-21, 1-22, 1-23, 3-1, 4-8, 4-10, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 12-06-2025 and submitted on 06-08-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kunnamangalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kunnamangalam Grama Panchayat as on 31-03-2025

**Date: 15/10/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kunnamangalam Grama Panchayat for the Year 2024-2025.

### 1.Major Observations

depreciation exceeds asset value

### 2.Other Observations

1. All statements required as per the accounting regulations are not seen submitted.
2.Cash flow statement doesnot match as per accounting regulations.
3.Difference in abstract and schedules of Income & Expenditure, Reciept & Payment and Balance sheet statements.
4. Demand entries are not recorded in a timely manner.
5.Provisions have not been recorded in the balance sheet for various expenses.

6.Expenses incurred to create assets are not recorded properly.

7.MNREGS - Expense in annual accounts does not tally with NREGS cashbook .

8.The expenditure in maitanance projects using maitenance fund is not reflected in Income & Expenditure statement I-14(E) under Maintanance Projects head.

9.The amounts paid for the deposit work were not included in the correct head.

10. Stale cheque Amount not transferred from liability to revenue head.

11.Mismatch of health grant & distress releif fund in Balance sheet with their respective
bank accounts.

12.maintenance (road) grant - Expenditure amount does not match with the IKM
SULEKHA Expenditure statement.

13.Finance Commission Grant - Unexecuted expenditure recorded in annual accounts

14.Different heads are used for the same type of expenses.

15.Receipts and expenditures are being booked under the wrong head.

16.TDS charged on fixed deposits.

17.Part bill expenditure not included in capital work-in-progress schedule.

18.Liabilities are booked as income of the panchayath

19.Amount booked as income was not recorded as revenue

20.imprest amounts are not adjusted

21.Library cess is not being paid on time

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്